# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 28, ചൊവ്വ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--231]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : 5348 മുതൽ 5405 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : 5406 മുതൽ 5440 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : 5441 മുതൽ 5494 വരെ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : 5495 മുതൽ 5578 വരെ |

### വൈക്കം, കടുത്തുരുത്തി ബ്ലോക്കുകളിലെ ഇന്ദിരാ ആവാസ് യോജന

5348. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതി പ്രകാരം വൈക്കം, കടുത്തുരുത്തി ബ്ലോക്കുകളിൽ വൈക്കം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ എത്ര പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതി പ്രാകാരം എത്ര വീടുകൾ പൂർത്തിയാക്കിയെന്നും പൂർത്തീകരിച്ചിട്ടില്ലായെങ്കിൽ ഇതു സംബന്ധിച്ച കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(സി) ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും കിട്ടിയതായി ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

### ഐ. എ .വൈ പദ്ധതി - തുടർഗഡു

5349. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 - 15 വർഷത്തിൽ സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് ഐ. എ .വൈ പദ്ധതി പ്രകാരം രണ്ടാംഗഡു ലഭിച്ചിരുന്നത്;രണ്ടാം ഗഡു ലഭിക്കാത്തതു മൂലം സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; 2014 - 15 വർഷത്തിലെ രണ്ടാം ഗഡു ലഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) 2014 - 15 വർഷത്തിൽ നഷ്ടമായ തുക 15-16 വർഷത്തിൽ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) 2014 - 15 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കൾക്ക് തുടർഗഡു നൽകാത്തതു കാരണം ഭവന നിർമ്മാണം പാതി വഴിയിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്

പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി</u>

5350. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ മലയോര പഞ്ചായത്തുകളായ പെരിങ്ങോം - വയക്കര, കാങ്കോൽ - ആലപ്പടപ്പ്, എരമം - കുറ്റൂർ എന്നിവയെ ഹാഡ (എച്ച്.എ.ഡി.എ) പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ആർ.ഐ.ഡി.എഫ്.</u>

5351. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എതൊക്കെ റോഡുകൾക്കാണ് ആർ.ഐ.ഡി.എഫിൽ നിന്നും തുക അനുവദിച്ചിട്ടുള്ളതെന്ന് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) 2015-16, ൽ ആർ.ഐ.ഡി.എഫിൽ നിന്നും തുക നൽകുന്നതിന് തീരുമാനിച്ചിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ?

<u>ഹിൽ ഏരിയാ ഡെവലപ്മെന്റ് ഏജൻസി മുഖേന നടപ്പാക്കിയ പ്രവർത്തികൾ</u>

5352. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയാ ഡെവലപ്മെന്റ് ഏജൻസി മുഖേന സംസ്ഥാനത്ത് എത്ര പ്രവർത്തികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട് ; ജില്ലയും പഞ്ചായത്തും തിരിച്ച് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(ബി) ഹിൽ ഏരിയയിൽപ്പെടുന്ന പല പഞ്ചായത്തുകളെയും മേൽ ഏജൻസിയിൽപ്പെടുത്തിയിട്ടില്ല എന്ന യാഥാർത്ഥ്യം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളാണ് ഈ ഏജൻസിയിൽ ഉള്ളത് ; കൂടുതൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>വീഡിയോ മാളുകൾ</u>

5353. ശ്രീ.ബെന്നി ബെഹനാൻ

**,,** ഐ.സി.ബാലകൃഷ്ണൻ

**,,** സി.പി.മുഹമ്മദ്

**,,** വി.റ്റി.ബൽറാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ ആന്റ് പി.ആർ വകുപ്പ് ജില്ലകളിൽ വീഡിയോ മാളുകൾ സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട് ?

<u>ഇന്ദിരാ ആവാസ് യോജന കേന്ദ്ര -സംസ്ഥാന വിഹിത അനുപാതം</u>

5354. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജനയുടെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും തമ്മിലുള്ള അനുപാതം നേരത്തെ എത്രയായിരുന്നുവെന്നും ഇപ്പോൾ എത്രയെന്നും വിശദമാക്കാമോ?

അലയമൺ ഗ്രാമപഞ്ചായത്തിന്റെ ബ്ലോക്കു മാറ്റം

5355. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലയമൺ ഗ്രാമപഞ്ചായത്തിലെ ബ്ലോക്കു ഡിവിഷനുകളെ അഞ്ചൽ ബ്ലോക്കിൽ നിന്നും മാറ്റി ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുത്തിയ തീരുമാനം പുന:പരിശോധിക്കുമോ ; ജനവികാരം മാനിച്ച് അലയമൺ പഞ്ചായത്തിനെ അഞ്ചൽ ബ്ലോക്കിൽ തന്നെ നിലനിർത്തുന്ന കാര്യം പരിഗണിക്കുമോ ?

ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഡ് പുനക്രമീകരണം

5356. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ നെന്മാറ, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഡ് വിഭജനം സംബന്ധിച്ച മാനദണ്ഡം വിശദമാക്കുമോ ?

ബ്ലോക്ക് പഞ്ചായത്തു വിഭജനം

5357. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകൾ വിഭജിച്ചത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

ഗ്രാമവികസന വകുപ്പിന് കീഴിൽ ജീവനക്കാരുടെ ഒഴിവുകൾ

5358. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഗ്രാമവികസന വകുപ്പിന് കീഴിൽ എൻജിനീയറിങ് സ്റ്റാഫ് ഉൾപ്പെടെയുള്ള എത്ര ജീവനക്കാരുടെ ഒഴിവുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഗ്രാമവികസന വകുപ്പുവഴിയുള്ള റോഡ് നിർമ്മാണം

5359. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമവികസന വകുപ്പുവഴി എത്ര റോഡുകൾക്ക് നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഏതൊക്കെ റോഡുകളാണെന്നും വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡുകളുടെ നിർമ്മാണത്തിനായി ഗ്രാമവികസനവകുപ്പ വഴി ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും ഇനി എത്ര പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്നും ഏതൊക്കെയെന്നുമുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഗ്രാമവികസനവകുപ്പ വഴിയുള്ള റോഡുപുനരുദ്ധാരണപദ്ധതികൾക്ക് പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## പ്രൊമോഷൻ നൽകുന്നതിനുള്ള മാനദണ്ഡം

5360. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസനവകുപ്പിൽ നോൺ ഗസറ്റഡ് തസ്തികയിൽ നിന്നും ഗസറ്റഡ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് മെറിറ്റ് കം സീനിയോറിറ്റി മാനദണ്ഡമാക്കിയിരുന്ന നയം മാറ്റിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പകരം സ്വീകരിച്ച നയമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഗ്രാമവികസനവകുപ്പിലെ വി.ഇ.ഒ മാരിൽ നിന്നും ബി.ഡി.ഒ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിന് അധിക വിദ്യാഭ്യാസ യോഗ്യതയായ ബിരുദം നിർബന്ധമാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പൊതുനയത്തിനെതിരായ ഈ നടപടി പുന:പരിശോധിക്കുമോ ; വിശദമാക്കാമോ ;

(ഇ) ഇതുമൂലം 25 ഉം 30ഉം വർഷങ്ങൾ സർവ്വീസുള്ളവർപോലും ഡിഗ്രി ഇല്ലാത്തതിന്റെ പേരിൽ പ്രമോഷൻ ലഭിക്കാതെ പിരിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

## കുന്നംകുളം നിയോജമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച റോഡുകൾക്ക്

5361. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നംകുളം നിയോജമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; ഏതെല്ലാമാണ് ഈ റോഡുകൾ; ഈ റോഡുകളുടെ പ്രവൃത്തി ഏതു ഘട്ടത്തിലാണ് വിശദാംശം വ്യക്തമാക്കുമോ;

(ബി) പി.എം.ജി.എസ്.വൈ പദ്ധതിപ്രകാരം കൂടുതൽ റോഡുകൾക്ക് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ; സ്വീകരിച്ച എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

## വിദ്യാഭ്യാസ വായ്പാ കുടിശ്ശിക എഴുതിതള്ളുന്നതിനുള്ള നടപടി

5362. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പ കുടിശ്ശിക എഴുതിതള്ളുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എത്രപേരുടെ വായ്പാകുടിശ്ശിക ഇതുവരെ എഴുതി തള്ളിയിട്ടുണ്ടെന്ന് പറയാമോ;

(ഡി) വിദ്യാഭ്യാസ വായ്പയുടെ പലിശ ഇളവിന് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം ; എത്രപേർ അപേക്ഷ നൽകി ; ജില്ല തിരിച്ചുള്ള വിവരം നൽകുമോ;

(എഫ്) വിദ്യാഭ്യാസ വായ്പ പലിശ ഇളവ് നൽകുന്നതിന് കേന്ദ്രസർക്കാർ എത്ര തുക നൽകിയെന്നും, അതിൽ

സംസ്ഥാന സർക്കാർ ബാങ്കുകൾക്ക് എത്ര തുക കൈമാറിയെന്നും പറയാമോ;

(ജി) വായ്പാകുടിശ്ശികയുടെ പേരിൽ ബാങ്കുകളുടെ പീഡനങ്ങളിൽ നിന്നും കുട്ടികളേയും രക്ഷകർത്താക്കളേയും രക്ഷിക്കുവാനും പരിധിയില്ലാതെ എല്ലാവർക്കും പലിശ ഇളവനുവദിക്കുവാനും അർഹരായവരുടെ വായ്പാകുടിശ്ശിക എഴുതിതള്ളാനും നടപടികൾ സ്വീകരിക്കുമോ?

## വിദ്യാഭ്യാസ വായ്പയുടെ ഇൻഷ്വറൻസ് പരിധി

5363. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുക്കുമ്പോൾ ഇൻഷ്വറൻസ് പരിധിയിൽ വിദ്യാർത്ഥിയും രക്ഷകർത്താവും ഉൾപ്പെടുമോ; വിശദാംശം നൽകുമോ;

(ബി) ജോയിന്റ് അക്കൗണ്ടായി വായ്പ എടുക്കുന്നവരുടെ കാര്യത്തിൽ രക്ഷകർത്താവ് മരണപ്പെട്ടാൽ ഇൻഷ്വറൻസിന്റെ ആനുകൂല്യം ലഭിക്കുമോ; വിശദമാക്കാമോ;

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

5364. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2012-13 മുതൽ 2014-15 വരെ ഓരോ വർഷവും 100 ദിവസം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) ഗ്രാമീണമേഖലയിലെ പാവപ്പെട്ടവർക്ക് തൊഴിലും കൂലിയും ഉറപ്പുവരുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തൊഴിലുറപ്പ് പദ്ധതി

5365. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ തൊഴിലുറപ്പ്പദ്ധതിയിൽ നാളിതുവരെ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അതിൻ പ്രകാരം എത്ര പേർ പണിയെടുക്കുന്നുണ്ട് ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ എത്ര പേർക്ക് എത്ര ദിവസം തൊഴിൽ നൽകുവാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ?

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

5366. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15സാമ്പത്തിക വർഷത്തിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് തുക വകയിരുത്തി; കേന്ദ്ര വിഹിതം എത്രയായിരുന്നു; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിയുടേയും കാലിക സ്ഥിതി വ്യക്തമാക്കാമോ ;

(സി) എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചു; ഏതെല്ലാം ;

(ഡി) ഒരു പ്രവർത്തനവും തുടങ്ങാത്ത പദ്ധതികൾ ഉണ്ടോ ; എങ്കിൽ ഏതെല്ലാം; കാരണം ഉൾപ്പെടെ വിശദാംശം ലഭ്യമാക്കാമോ ?

കേന്ദ്രാവിഷ്കൃത പദ്ധതികൾ

5367. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ 2011-12, 2012-13, 2013-14,2014-156 വർഷങ്ങളിൽ നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമണ്;

(ബി) ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുകയും പ്രവൃത്തികളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

പി എം ജി എസ് വൈ - **2** പദ്ധതി

5368. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി എം ജി എസ് വൈ - 2 പ്രകാരം 2013 നവംബർ 26 ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള 570 കി മി റോഡിന്റെ ഡി പി ആർ (Detailed Project Report) സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോഴേക്ക് സമർപ്പിക്കാൻ കഴിയും; വിശദാംശം നൽകുമോ?

വിവര പൊതുജനസമ്പർക്ക വകുപ്പിന്റെ പദ്ധതികൾ

5369. ശ്രീ.സി.പി.മുഹമ്മദ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, കെ.മുരളീധരൻ

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിനും ജനങ്ങൾക്കുമിടയിൽ കണ്ണിയായി നിന്ന് പരിപാടികൾ നടത്താനും സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കാനും വേണ്ടി വിവര പൊതുജനസമ്പർക്ക വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

5370. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ വേതനമായി എത്ര തുക നൽകുകയുണ്ടായി; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) തൊഴിലാളിക്ഷാമം നേരിടുന്ന മേഖലകളിലേക്ക് തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളെ ഉപയോഗപ്പെടുത്തി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനായി നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നകാര്യം സർക്കാർ പരിഗണിക്കുമോ;വിശദാംശം ലഭ്യമാക്കാമോ?

സാമൂഹിക സാമ്പത്തിക ജാതി സെൻസസ്

5371. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിലെ ഹിൽ ഏര്യാ ഡവലപ്മെന്റ് ഏജൻസി പ്രവൃത്തികൾ

5372. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴിക്കോട് ജില്ലയിൽ ഹിൽ ഏര്യാ ഡവലപ്മെന്റ് ഏജൻസി മുഖേന ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി നൽകിയ ഏതെങ്കിലും പ്രവൃത്തികൾ റദ്ദ് ചെയ്യുകയോ, മരവിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കോഴിക്കോട് ജില്ലയിലെ പ്രസ്തുത പ്രവൃത്തികൾ നടത്തുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

ഗ്രാമവികസന വകുപ്പിന്റെ റോഡുകളുടെ പുനരുദ്ധാരണം

5373. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ എത്ര റോഡുകൾ പുനരുദ്ധരിയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ സ്ഥലങ്ങളിൽ, ഏതൊക്കെ റോഡുകൾക്ക് എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) ഏറ്റവും കൂടുതൽ റോഡ് ഫണ്ട് ഏത് ജില്ലയിലാണ് അനുവദിച്ചിരിക്കുന്നത്; ആയതിന്റെ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇനിയും ഏതെല്ലാം റോഡുകൾക്കാണ് പുനരുദ്ധാരണത്തിന് ഫണ്ട് കൊടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

5374. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2014-2015 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാം പ്രദേശങ്ങളിൽ നടപ്പിലാക്കിയെന്ന് അറിയിക്കുമോ ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക വീതം വകയിരുത്തിയിരുന്നുവെന്നും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ?

സംസ്ഥാനങ്ങൾക്കുള്ള പദ്ധതി വിഹിതം

T 5375. ശ്രീ.കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾക്കുള്ള പദ്ധതി വിഹിത ഇനത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച വിഹിതം മുൻവർഷത്തെ അപേക്ഷിച്ച് എപ്രകാരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം വകുപ്പുകൾക്ക് അനുവദിച്ച വിഹിതത്തിലാണ് മുൻവർഷത്തെ അപേക്ഷിച്ച് കുറവ് രേഖപ്പെടുത്തിയിട്ടുള്ളത് ; ഇത് ഈ വകുപ്പുകളുടെ പ്രവർത്തനത്തെ എപ്രകാരം ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ ;

(സി) വിവിധ വകുപ്പുകളുടെ മുൻ വർഷത്തെ പദ്ധതി വിഹിത വിനിയോഗം കുറയാനിടയായത് ഈ വർഷത്തെ പദ്ധതി വിഹിത ലഭ്യതയെ ബാധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ കേന്ദ്രസഹായം നേടിയെടുക്കുന്നതിന് വിവിധ വകുപ്പുകളുടെ പദ്ധതി വിനിയോഗം യഥാസമയം വിലയിരുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ?

<u>പരിപ്രേക്ഷ്യ **2030** പദ്ധതി</u>

5376. ശ്രീ.പി.സി വിഷ്ണുനാഥ്

,, ടി.എൻ. പ്രതാപൻ

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസൂത്രണ ബോർഡിന്റെ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 പ്രകാശനം ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

<u>മിഷൻ **676-**ൽ ഉൾപ്പെടുത്തിയ ആലപ്പുഴ ജില്ലയിലെ പ്രവൃത്തികൾ</u>

5377. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കാൻ തീരുമാനിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയ്ക്കും എന്തു തുക വീതമാണ് വകയിരുത്തിയിട്ടുള്ളത്; ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>അന്യസംസ്ഥാനത്ത് നിന്നുള്ള പാൽ വിപണനത്തിന്റെ മറവിൽ തട്ടിപ്പ്</u>

5378. ശ്രീ.കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാനത്ത് നിന്നുള്ള പാൽ ക്ഷീര സഹകരണ സംഘങ്ങൾ വഴി വിപണനം ചെയ്ത് തട്ടിപ്പുകൾ നടത്തുന്നുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ തട്ടിപ്പുകാരണം യഥാർത്ഥ കർഷകരിൽ നിന്നും പാൽ സംഭരണത്തിൽ കുറവു വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള പാൽ എത്തിച്ച് അനർഹമായ സബ്സിഡിയും മറ്റാനുകൂല്യങ്ങളും സംഘങ്ങൾ തട്ടിയെടുക്കുന്നത് തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ ?

ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ

5379. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, ബെന്നി ബെഹനാൻ

,, പി.എ.മാധവൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുടങ്ങിക്കിടന്ന ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ക്ഷീര കർഷകർക്കുള്ള പെൻഷൻ

5380. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്ക് അനുവദിച്ചിട്ടുള്ള പെൻഷൻ 2014 മെയ് മാസത്തിനു ശേഷം വിതരണം ചെയ്യാത്തതു മൂലം കർഷകർക്കുണ്ടായിട്ടുള്ള വിഷമങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ക്ഷീര കർഷകർക്കുള്ള പെൻഷൻ കുടിശ്ശികയടക്കം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

ക്ഷീരമേഖല വികസനവും കന്നുകാലി ഫാമുകൾക്ക് പ്രോത്സാഹന പദ്ധതിയും

5381. ശ്രീ.കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരമേഖലയിൽ യുവജനങ്ങൾ കടന്നുവരുന്നതിന് വൈമുഖ്യം കാണിക്കുന്നതായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണമെന്തെന്നു വിലയിരുത്തിയിട്ടുണ്ടോ;

(ബി) കന്നുകാലി ഫാമുകൾ നടത്തുന്ന ചെറുപ്പക്കാർക്ക് എന്തെല്ലാം തരത്തിലുള്ള പ്രോത്സാഹന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) ക്ഷീരകർഷകർക്ക് ചെലവുകൾക്ക് അനുസരിച്ചുള്ള വരുമാനം പലപ്പോഴും ഇതിൽ നിന്നും ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചെലവുകൾ കുറച്ച് കൃഷി കൂടുതൽ ആകർഷണീയമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ഡി) ക്ഷീരമേഖലയിലേയ്ക്ക് കൂടുതൽ ചെറുപ്പക്കാർ കടന്നുവരുന്നതിന് വേണ്ടിയും കന്നുകാലി ഫാമുകൾക്ക് പ്രത്യേക സഹായം നൽകുന്ന രീതിയിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ?

ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം

5382. ശ്രീ.ടി.എൻ. പ്രതാപൻ

,, ആർ . സെൽവരാജ്

,, ഡൊമിനിക് പ്രസന്റേഷൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന് കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

<u>മിൽമയുടെ വികസനത്തിന് പദ്ധതി</u>

5383. ശ്രീ.ആർ . സെൽവരാജ്

,, കെ.ശിവദാസൻ നായർ

,, എം.പി.വിൻസെൻറ്

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ വികസനത്തിനും പുരോഗതിയ്ക്കും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിമുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

<u>ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തൽ</u>

5384. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും ഇതു സംബന്ധിച്ച് എന്തെങ്കിലും അനുകൂല റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) ക്ഷീരമേഖലയിൽ ഏതൊക്കെ ജോലിയാണ് നിലവിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>തീറ്റപ്പുൽകൃഷി വികസന പദ്ധതി</u>

5385. ശ്രീ.കെ.മുരളീധരൻ

,, അൻവർ സാദത്ത്

,, ഷാഫി പറമ്പിൽ

,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീറ്റപ്പുൽകൃഷി വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട് ?

<u>സംഗീത നാടക അക്കാഡമിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പദ്ധതി</u>

5386. ശ്രീ.വർക്കല കഹാർ

,, ടി.എൻ. പ്രതാപൻ

,, കെ.ശിവദാസൻ നായർ

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും

നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംഗീത നാടക അക്കാഡമിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം</u>

5387. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന വൈജ്ഞാനിക ഗ്രന്ഥങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിൽ അനാസ്ഥയുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ബി) സാംസ്കാരിക സ്ഥാപനങ്ങളുടെ പുസ്തകങ്ങൾ വില്പന നടത്തുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ബുക്ക് മാർക്കിന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ നൽകാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഗ്രന്ഥകർത്താക്കൾക്ക് റോയൽറ്റി നൽകുന്ന കാര്യത്തിൽ അനാസ്ഥ കാട്ടുന്നതുമൂലം പല ഗ്രന്ഥകർത്താക്കളും അവരുടെ രചനകൾ സ്വകാര്യ പ്രസാധകർക്ക് നൽകിവരുന്നതിനെകുറിച്ച് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഡി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ പലതും 'അറിവ് നിറവ്' പരമ്പരയിൽ പ്രസിദ്ധീകരിക്കുന്നത് എന്തു മാനദണ്ഡത്തിലാണ് എന്നറിയിക്കുമോ?

<u>സാംസ്കാരിക സ്ഥാപനങ്ങളുടെ നവീകരണപദ്ധതി</u>

5388. **ശ്രീ.ജോസഫ് വാഴയ്ക്കൻ**

**,,** ആർ . സെൽവരാജ്

**,,** പി.എ.മാധവൻ

**,,** എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരിക സ്ഥാപനങ്ങളുടെ നവീകരണത്തിന് പദ്ധതി രൂപികരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ചേർത്തലയിൽ ചരിത്ര മ്യൂസിയം</u>

5389. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല കടക്കരപ്പള്ളി തൈക്കൽ എന്ന പ്രദേശത്ത് മണ്ണിനടിയിൽ കണ്ടെത്തിയ നൂറ്റാണ്ടുകൾ പഴക്കമുള്ള പായ്ക്കപ്പൽ പഠനങ്ങൾക്കായി പുരാവസ്തു വകുപ്പിന് കൈമാറി നാളിതുവരെയായിട്ടും പഠനങ്ങൾ പൂർത്തിയായിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം ചരിത്ര മ്യൂസിയമാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി എന്താണ്; കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പുരാവസ്തു ഗവേഷണത്തിനായി ലക്ഷങ്ങൾ മുടക്കിയിട്ടും പഠനങ്ങൾ പോലും പൂർത്തിയാക്കാത്ത

പദ്ധതികൾ അതിവേഗം പൂർത്തിയാക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ?

<u>മീഡിയാ സെന്ററുകൾ</u>

5390. ശ്രീ.വി.ഡി.സതീശൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ജോസഫ് വാഴയ്ക്കൻ

,, ബെന്നി ബെഹനാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് (ഐ ആന്റ് പി.ആർ) വകുപ്പ് സംസ്ഥാനത്ത് മീഡിയാ സെന്ററുകൾ സജ്ജമാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ?

<u>'സമന്വയം' പത്രം പ്രസിദ്ധീകരണം</u>

5391. ശ്രീ.പാലോട് രവി

,, എ.റ്റി.ജോർജ്

,, ഐ.സി.ബാലകൃഷ്ണൻ

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ ആൻഡ് പി ആർ വകുപ്പ് 'സമന്വയം' പത്രം വിതരണം ചെയ്യാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട് ?

<u>പത്ര പ്രവർത്തകർക്കുള്ള പെൻഷൻ</u>

T 5392. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പത്ര പ്രവർത്തകർക്ക് ഏതു തരത്തിലുള്ള പെൻഷനാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ജേർണലിസ്റ്റ്, നോൺ ജേർണലിസ്റ്റിന് എന്നീ വിഭാഗങ്ങൾക്ക് എത്രവീതം പെൻഷനാണ് അനുവദിച്ചിരുന്നത്;

(ബി) ഏതൊക്കെ പത്രങ്ങളിലെ ജീവനക്കാരെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; ഇതിന്റെ മാനദണ്ഡം എന്താണ്;

(സി) ഇപ്രകാരം സർക്കാർ പെൻഷൻ നൽകുന്നതിൽ പത്ര സ്ഥാപനമുടമകൾ അവരുടെ വിഹിതം അടയ്ക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) കഴിഞ്ഞ 5 വർഷത്തിനിടയിൽ ഇപ്രകാരം സർക്കാർ എത്ര രൂപ ചെലവഴിച്ചു; അതിനനുസരിച്ചുള്ള വിഹിതം പത്രമുടമകളിൽ നിന്നും ഈടാക്കിയോ;വിശദാംശം വ്യക്തമാക്കുമോ?

<u>പ്രാദേശിക പത്ര പ്രവർത്തക ക്ഷേമനിധി</u>

T 5393. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാദേശിക പത്ര പ്രവർത്തകർക്കായി ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട്; ഈ തുക ഏത് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്ഷേമനിധി നടപ്പിലാക്കണമെന്നു സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ക്ഷേമനിധി പദ്ധതി എന്നു മുതൽ നടപ്പിലാക്കി തുടങ്ങുമെന്നു വെളിപ്പെടുത്തുമോ?

ജോലി ഉപേക്ഷിച്ച് തിരിച്ചെത്തിയ വിദേശമലയാളികൾ

5394. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ ഉണ്ടായ തീവ്രവാദ ഭീഷണി, നിതാഖത് പോലുള്ള കാരണങ്ങളാൽ എത്ര വിദേശമലയാളികൾ ജോലി ഉപേക്ഷിച്ച് സംസ്ഥാനത്ത് തിരിച്ചെത്തിയതായി സംസ്ഥാന നോർക്ക വകുപ്പ് കണ്ടെത്തിയിട്ടുണ്ടെന്ന് രാജ്യം തിരിച്ച് വ്യക്തമാക്കുമോ;

(ബി) എത്ര വർഷം വരെ വിദേശ സർവ്വീസുള്ളവരാണ് തിരിച്ചെത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) തിരിച്ചെത്തിയ വിദേശമലയാളികൾക്കായി ഏതുതരം പുനരുദ്ധാരണ പാക്കേജാണ് തയ്യാറാക്കിയിട്ടുള്ളത്;

(ഡി) ഗൾഫ് രാജ്യങ്ങളിൽ നിന്നും തിരിച്ചെത്തിയ വിദേശ മലയാളികളെ സഹായിക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

വിമാന കമ്പനികളുടെ ചൂഷണം

5395. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീസൺ സമയത്ത് വിദേശത്തേയ്ക്കുള്ള വിമാന യാത്രാ നിരക്ക് വർദ്ധിപ്പിക്കുന്നത് മൂലം പ്രവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ;

(സി) കേന്ദ്ര ഗവൺമെന്റിൽ ഇക്കാര്യം ശക്തമായി ഉന്നയിച്ച് പ്രവാസികളെ വിമാന കമ്പനികളുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസി കേരളീയരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ

5396. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ വിവിധ ജോലികൾക്കായി പോകുകയും അവിടെ വിവിധ സാഹചര്യങ്ങളിൽ മരണപ്പെടുകയും ചെയ്ത എത്ര കേസുകൾ ഈ സർക്കാർ കാലയളവിൽ ഉണ്ടായി എന്ന് പറയാമോ ;

(ബി) വിവിധ വിദേശ രാജ്യങ്ങളിൽ ജോലിക്കുപോയി അവിടെ വച്ച് മരണപ്പെടുന്ന തൊഴിലാളികളുടെ തൊഴിലവകാശങ്ങൾ, കൂലി, കുടിശ്ശിക, ഇൻഷ്വറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാറുണ്ടോ ;

(സി) ഇപ്രകാരം തുക ലഭിക്കാത്ത കേസുകളിൽ ഈ പ്രസ്തുത ലഭിക്കുന്നതിന് കേരള സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇപ്രകാരം ജോലിക്കായി വിദേശങ്ങളിൽ പോയി മരണമടയുന്നവർക്ക് സംസ്ഥാന സർക്കാർ നൽകുന്ന സാമ്പത്തിക സഹായം എത്രയാണെന്ന് പറയാമോ?

നോർക്ക റൂട്ട്സിലെ നിയമന ക്രമക്കേടുകൾ

5397. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ൽ നോർക്ക റൂട്ട്സിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

നോർക്കാ റൂട്ട്സ് ന്റെ സാന്ത്വന പദ്ധതി

5398. ശ്രീ.വി.പി.സജീന്ദ്രൻ
,, പി.സി വിഷ്ണുനാഥ്
,, വർക്കല കഹാർ
,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കാ റൂട്ട്സ് സാന്ത്വന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

നോർക്ക.

5399. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയ്ക്ക് കേരളത്തിൽ എവിടെയൊക്കെ എത്ര ഓഫീസുകൾ ഉണ്ട് ; വിശദമാക്കുമോ;

(ബി) നോർക്ക എന്തെല്ലാം ജനസേവനപ്രവർത്തനമാണ് നൽകിവരുന്നത്?

ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടി

5400. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്ട്സിൽ ഏതെല്ലാം കാലയളവിലാണ് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം തസ്തികയിലുള്ള ജീവനക്കാരെയാണ് ഇങ്ങനെ സ്ഥിരപ്പെടുത്തിയതെന്നും അവർക്ക് നിശ്ചിത വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരുന്നോ എന്നും വ്യക്തമാക്കുമോ;

(സി) താൽക്കാലിക ജീവനക്കാരെ നോർക്ക റൂട്ട്സിൽ സ്ഥിരപ്പെടുത്തിയത് സംബന്ധിച്ച് സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ടവകാശം .

5401. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പ്രവാസികൾ വോട്ട് രേഖപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുവാൻ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം വിളിച്ച് ചേർത്തിരുന്നുവോ ;

(ബി) പ്രസ്തുത യോഗം എന്നായിരുന്നുവെന്നും, ആരെല്ലാം പങ്കെടുത്തു എന്നും വ്യക്തമാക്കുമോ ;

(സി) ഈ യോഗത്തിന്റെ തീരുമാനങ്ങൾ എന്തെല്ലാമാണ് ;

(ഡി) പ്രവാസി വോട്ടവകാശം വിനിയോഗിക്കുന്നതിനെപ്പറ്റി വിസമ്മതം അറിയിക്കുകയോ, പിന്നീട് അഭിപ്രായം പറയാം എന്ന് രേഖപ്പെടുത്തുകയോ ചെയ്ത കക്ഷികളുണ്ടോ ; എങ്കിൽ ആരെല്ലാമാണ് ;

(ഇ) യോഗത്തിന്റെ പൊതുവികാരം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) തദ്ദേശസ്ഥാപന തെരഞ്ഞെടുപ്പിൽ വോട്ടവകാശം വിനിയോഗിക്കുന്നതിന് പ്രവാസികൾക്ക് അവസരം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## പ്രവാസികളുടെ പുനരധിവാസം

5402. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ നിന്നും നിതാഖത് മുഖേന തൊഴിൽ നഷ്ടമായി നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസ പാക്കേജിൽ നിന്നും സർക്കാർ പിൻവാങ്ങുന്നു എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ;

(ബി) സബ്സിഡിയോടെയുള്ള സ്വയംതൊഴിൽ വായ്പയ്ക്കായി എത്ര ആളുകൾ അപേക്ഷിച്ചിരുന്നു എന്ന കണക്ക് ലഭ്യമാണോ; അപേക്ഷിച്ച 90% പേർക്കും വായ്പാ ധനസഹായം ലഭ്യമാക്കിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരാതി പരിഹരിക്കുന്നതിനായി വായ്പാമേള ഉൾപ്പെടെ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## യുവാക്കൾക്ക് തൊഴിൽ വൈദഗ്ധ്യ പരിശീലന പദ്ധതി

5403. ശ്രീ.എ.റ്റി.ജോർജ്
,, അൻവർ സാദത്ത്
,, സി.പി.മുഹമ്മദ്
,, പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്ട്സ് യുവാക്കൾക്ക് തൊഴിൽ വൈദഗ്ധ്യ പരിശീലന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

## പ്രവാസികൾക്കായി ആവിഷ്കരിച്ചിട്ടുള്ള ക്ഷേമ പദ്ധതികൾ

5404. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രവാസികൾക്കായി ആവിഷ്കരിച്ചിട്ടുള്ള ക്ഷേമ പദ്ധതികൾ നടപ്പാക്കാനായി നീക്കിവച്ചിരുന്ന തുകയെത്രയെന്നും വിനിയോഗിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ്

5405. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, എം.എ. വാഹീദ്

,, ലൂഡി ലൂയിസ്

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

നഗരസഭാ പരിധിയിലുള്ള തെരുവുകച്ചവടക്കാരുടെ പുനരധിവാസം

5406. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും പരിധിയിലുള്ള തെരുവുകച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

"ക്ലീൻ മൈ സ്ട്രീറ്റ്" പദ്ധതി

5407. ശ്രീ.കെ.അച്ചുതൻ

,, ജോസഫ് വാഴയ്ക്കൻ

,, കെ.ശിവദാസൻ നായർ

,, എം.പി.വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരശുചീകരണത്തിനായി ക്ലീൻ മൈ സ്ട്രീറ്റ് (Clean my Street) പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഇ-മാലിന്യനിർമ്മാർജ്ജനം

5408. ശ്രീ.റ്റി.എ.അഹമ്മദ് കബീർ

,, സി.മോയിൻ കുട്ടി

,, എൻ. ഷംസുദ്ദീൻ

,, കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-മാലിന്യനിർമ്മാർജ്ജന കാര്യത്തിൽ സംസ്ഥാനത്തിന് എത്രത്തോളം വിജയം കൈവരിക്കാനായി എന്നതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) റിപ്പയർ ഷോപ്പുകൾ ഉൾപ്പെടെയുള്ള ഉറവിട കേന്ദ്രങ്ങളിൽ നിന്നും ഇ-മാലിന്യം ശേഖരിക്കാൻ സൗകര്യം ഏർപ്പെടുത്തുമോ എന്നു വ്യക്തമാക്കുമോ;

(സി) ഇ-മാലിന്യനിർമ്മാർജ്ജനത്തിനായി റീസൈക്ലിംഗ് യൂണിറ്റ് തുടങ്ങുന്ന കാര്യം പരിശോധിക്കുമോ?

കരം അടയ്ക്കുന്ന രസീതിൽ ഉടമസ്ഥന്റെ പേര് മാറിയ സാഹചര്യം

5409. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ കവടിയാർ വില്ലേജിൽ കുറവൻകോണം വാർഡിൽ പത്മനാഭൻ ആചാരിയുടെ പേരിലുള്ള റ്റി.സി. 4/2369-ാം നമ്പർ വീടിന് ഏത് വർഷം വരെ കരം അടച്ചിട്ടുണ്ട്;

(ബി) അവസാനമായി ആരുടെ പേരിലാണ് പ്രസ്തുത കെട്ടിടത്തിന് കരം അടച്ചത്;

(സി) കരം അടയ്ക്കുന്ന രസീതിൽ ഉടമസ്ഥന്റെ പേര് മാറാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വീട് സ്ഥിതിചെയ്യുന്ന സ്ഥലം പരേതനായ പത്മനാഭൻ ആചാരിയുടെ മകൻ പി. നീലകണ്ഠന് കൈമാറ്റം ചെയ്യുകയും അതനുസരിച്ച് വീടിന്റെ ഉടമസ്ഥാവകാശം മാറ്റാൻ തിരുവനന്തപുരം കോർപ്പറേഷനിൽ 25-3-2015ൽ അപേക്ഷ നൽകുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത അപേക്ഷയിൻമേൽ എന്തെല്ലാം നടപടികൾ കൈകൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) കെട്ടിട ഉടമസ്ഥന്റെ പേരിൽ കരം അടച്ചത് തിരുത്തി മറ്റൊരു പേര് എഴുതി രസീത് നൽകിയ ഉദ്യോഗസ്ഥനെതിരെ ശിക്ഷാ നടപടി സ്വീകരിക്കുമോ?

പരസ്യ ബോർഡുകൾ നീക്കം ചെയ്യാൻ നടപടി

5410. **ശ്രീ.കെ.അച്ചുതൻ**

**,,** വർക്കല കഹാർ

**,,** ടി.എൻ. പ്രതാപൻ

**,,** സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ അനുമതിയില്ലാതെ സ്ഥാപിച്ച പരസ്യ ബോർഡുകൾ നീക്കം ചെയ്യാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നറിയിക്കുമോ?

നഗരസഭാ ജീവനക്കാരുടെ പെൻഷൻ

5411. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ റിട്ടയർ ചെയ്ത ജീവനക്കാർക്ക് പെൻഷൻ നൽകിയ വകയിൽ എത്ര തുക നഗരസഭകൾക്ക് നൽകാനുണ്ടെന്ന് നഗരസഭകൾ തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത തുക നഗരസഭകൾക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ?

## അമൃത് പദ്ധതി

5412. ശ്രീ.പി.ഉബൈദുള്ള

,, എം.ഉമ്മർ

,, കെ.എം.ഷാജി

,, പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ അമൃത് (അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ സ്കീം ) പദ്ധതിയിൽ സംസ്ഥാനത്തിനുള്ള പങ്കാളിത്തം എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലെ ജവഹർ ലാൽ നെഹ്റു ദേശീയ നഗരവികസന പദ്ധതി (ജെൻറം) യ്ക്ക് അമൃത് പദ്ധതിയുമായുള്ള വ്യത്യസം എന്താണെന്ന് വ്യക്തമാക്കുമോ; ജെൻറം പദ്ധതിയുടെ ഇനിയുള്ള പ്രവർത്തനം എങ്ങിനെയായിരിക്കുമെന്ന് വിശദമാക്കുമോ;

(സി) സ്മാർട്ട്സിറ്റിമിഷൻ പ്രകാരം കേരളത്തിലെ ഏതെങ്കിലും പട്ടണത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; വികസന പദ്ധതികളിൽ സംസ്ഥാനം പിൻതള്ളപ്പെട്ടു പോകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ശ്മശാന ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

5413. ശ്രീ.എ. കെ. ശശീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്മശാനത്തിലെ പണിയെടുക്കുന്നതിനായി തിരുവിതാംകൂർ രാജാക്കന്മാരുടെ നിർദ്ദേശപ്രകാരം ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്നവരുടെ പിൻതുടർച്ചക്കാരാണ് ഇപ്പോൾ ശ്മശാനത്തിൽ (ശാന്തികവാടം) പണിയെടുക്കുന്നവരെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത ജീവനക്കാർക്ക് സർക്കാരിൽനിന്നും നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ശാന്തികവാടത്തിലെ ജീവനക്കാർക്ക് പെൻഷനോ മറ്റു ആനുകൂല്യങ്ങളോ നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശ്മശാന ജീവനക്കാരുടെ ആവശ്യങ്ങളെ സംബന്ധിച്ച് അവരുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

## ചാലക്കുടി നഗരസഭയിലെ ടൗൺ ഹാൾനിർമ്മാണം

5414. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭ, ടൗൺ ഹാൾ നിർമ്മാണത്തിനായി ഓൺ-ഫണ്ടിൽ നിന്നും കൗൺസിൽ തീരുമാനമില്ലാതെ 85 ലക്ഷത്തോളം രൂപ വകമാറ്റി ചെലവഴിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ടൗൺ ഹാൾനിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്നു വ്യക്തമാക്കാമോ ;

(സി) സ്വകാര്യ വ്യക്തികളിൽ നിന്നും ടൗൺ ഹാൾ നിർമ്മാണത്തിനായി ഫണ്ട് പിരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ഡി) നഗരസഭ ടൗൺ ഹാൾ നിർമ്മാണത്തിലെ അഴിമതിയും ക്രമക്കേടും അന്വേഷിക്കുന്നതിനും , ആരിൽ നിന്നൊക്കെ എത്ര തുകയാണ് നഗരസഭ പിരിച്ചിട്ടുള്ളത് എന്ന് പ്രസിദ്ധപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

## നഗരസഭകളുടെ ഗ്രേഡ് ഉയർത്തൽ

5415. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ ഗ്രേഡ് ഉയർത്തിയതിന്റെ ഭാഗമായി എത്ര അധിക തസ്തികകൾ ആവശ്യമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നു വിശദമാക്കാമോ?

## നഗരശുചീകരണ മാലിന്യനിർമ്മാർജ്ജന പദ്ധതികൾ

5416. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരശുചീകരണത്തിനും മാലിന്യനിർമ്മാർജ്ജനത്തിനുമായി കേന്ദ്ര-സംസ്ഥാനതലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) മാലിന്യനിർമ്മാർജ്ജനത്തിനായി വീട്ടുകൾ, കോളനികൾ, പൊതുസ്ഥാപനങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് എത്ര പ്ലാന്റുകൾ നഗരസഭകൾ മുഖേന സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്ലാസ്റ്റിക് റീസൈക്കിളിംഗ് യൂണിറ്റ് സ്ഥാപിച്ച നഗരസഭകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ?

## അറവുശാലകൾ

T 5417. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ അംഗീകാരമുള്ളതും ഇല്ലാത്തതുമായ എത്ര അറവുശാലകളുണ്ടെന്ന് ലൈസൻസി, സ്ഥലം എന്നിവ തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) അനധികൃത കശാപ്പ് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

## പ്രസന്നൻസ് ഇക്കോ ബയോസിസ്റ്റംസ് എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംസ്കരണ പ്ലാന്റുകൾ

T 5418. ശ്രീ.എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനജലവും, ജൈവമാലിന്യവും പരിസ്ഥിതിക്കും മനുഷ്യനും ഹാനികരമല്ലാത്ത രീതിയിൽ കുറഞ്ഞ ചെലവിൽ സംസ്കരിക്കുന്നതിനുള്ള "പ്രസന്നൻസ് ഇക്കോ ബയോസിസ്റ്റംസ്" എന്ന തദ്ദേശീയമായി വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംസ്കരണ പ്ലാന്റുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിവിധ സർക്കാർ ഏജൻസികളും ശുചിത്വമിഷനും പ്രസ്തുത പ്ലാന്റുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചെലവു കുറഞ്ഞ ഇത്തരം തദ്ദേശീയ പ്രോജക്ടുകൾ വ്യാപകമായി നടപ്പാക്കുന്ന കാര്യം അടിയന്തരമായി പരിശോധിക്കുമോ ?

## കൊയിലാണ്ടിയിലെ ശ്രീമതി ദേവകിയുടെ പരാതി

5419. ശ്രീ.കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭയിലെ താമസക്കാരി ശ്രീമതി മലയിൽ ചാലിൽ ദേവകി സമർപ്പിച്ച പരാതിയിൽ ഫയൽ 14868/ഡി.സി2/2014 എൽ എസ് ജി ഡി പ്രകാരം സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ ?

## പരസ്യബോർഡുകൾ വഴി നികുതി സമാഹരണം

5420. ശ്രീ.ടി.എൻ. പ്രതാപൻ
,, ഹൈബി ഈഡൻ
,, കെ.ശിവദാസൻ നായർ
,, പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിലൂടെ നികുതി സമാഹരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

## അർബൻ **2020**

5421. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയെ അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ആറ്റിങ്ങൽ നഗരസഭയിൽ നിന്നും ഏതെല്ലാം പദ്ധതികളാണ് അർബൻ 2020 ലേക്ക് ഉൾപ്പെടുത്തുവാൻ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അർബൻ 2020 പ്രകാരമുള്ള പ്രോജക്ടുകൾ എന്നുമുതലാണ് പ്രാബല്യത്തിൽ വരുന്നതെന്ന് വ്യക്തമാക്കാമോ?

## അർബൻ **2020** പദ്ധതി

5422. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ ഏതെല്ലാം നഗരങ്ങളെയാണ് അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;ഇതിലൂടെ എന്തെല്ലാം കാര്യങ്ങലാണ് ലക്ഷ്യമിടുന്നതെന്നറിയിക്കുമോ?

## സമഗ്ര നഗരവികസനം

5423. ശ്രീ.ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി സമഗ്ര നഗരവികസനം ലക്ഷ്യം വച്ച് ഏതൊക്കെ പദ്ധതികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞോയെന്നും ഇല്ലെങ്കിൽ അതിൻെറ കാരണവും വ്യക്തമാക്കാമോ;

(സി) ഇപ്പോൾ ഏതൊക്കെ നഗരവികസന പദ്ധതികളാണ് മിഷൻ 676 പ്രകാരം പുരോഗമിച്ചുകൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>പ്രകൃതി സംരക്ഷണത്തിന് കെട്ടിട നിർമ്മാണചട്ടങ്ങളിൽ ഭേദഗതി</u>

5424. ശ്രീ.എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കെട്ടിട നിർമ്മാണചട്ടങ്ങളിൽ മറ്റു ഉപാധികൾക്ക് പുറമേ പ്രകൃതിയെയും വനങ്ങളെയും സംരക്ഷിക്കുക വഴി ഭൂമിയുടെ തുലനാവസ്ഥയുടെ സംരക്ഷണത്തിനായി ഓരോ വൃക്ഷത്തൈ എങ്കിലും പുതിയ വീടുകൾ നിർമ്മിക്കുമ്പോൾ നട്ടുപിടിപ്പിക്കണമെന്ന ഭേദഗതി കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ;

(ബി) കുടിവെള്ളസ്രോതസ്സുകളുടെ ദൗർലഭ്യത്തിന് ആശ്വാസം പകരാനായി കൂടുതൽ വിസ്തൃതിയിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളോടൊപ്പം മഴവെള്ള സംഭരണി നിർമ്മിക്കണമെന്ന ഭേദഗതിയും കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ ?

<u>കുളത്തൂർ ശ്രീ. ബി.മണിലാലിന് റസിഡൻഷ്യൽ പ്ളോട്ടിന്റെ ലേ-ഔട്ട് അപ്രൂവൽ</u>

5425. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ കീഴിൽ ആറ്റിപ്ര സോണൽ ഓഫീസിൽ 17 റസിഡൻഷ്യൽ പ്ളോട്ടുകൾ തിരിയ്ക്കുന്നതിനായി, ലേ-ഔട്ട് അപ്രൂവൽ ലഭിക്കുന്നതിനായി, ബി.മണിലാൽ, ലാൽ ബിൽഡിംഗ്സ്(Lal Buildings), കുളത്തൂർ എന്ന ആൾ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ടിയാൻ അപേക്ഷ നൽകിയത്; ഇതിന്റെ പകർപ്പും, ഇതിലുള്ള മറ്റ് റിക്കോർഡുകളുടെ പകർപ്പും ലഭ്യമാക്കുമോ;

(ബി) ടിയാന്റെ ഏത് വില്ലേജിലുള്ള ഏത് റീ-സർവ്വേയുള്ള, എത്ര ഏക്കർ വസ്തുവിലാണ് ലേ-ഔട്ടിന് അപേക്ഷിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; ടിയാൻ അപേക്ഷ നൽകിയത് നേരിട്ടാണോ, അതോ ഏതെങ്കിലും ഏജൻസി വഴിയോ മറ്റ് ആൾക്കാർ വഴിയോ ആണോ; വിശദമാക്കുമോ;

(സി) ടിയാന് എന്നാണ് റസിഡൻഷ്യൽ ലേ-ഔട്ട് അപ്രൂവൽ നൽകിയത്; ഏത് ഓഫീസിൽ നിന്നുമാണ് ഉത്തരവ് നൽകിയത്; ഈ ഉത്തരവിന്റെ കോപ്പിയും, പ്ലാനിന്റെ കോപ്പിയും ലഭ്യമാക്കുമോ;

(ഡി) അനധികൃത രാഷ്ട്രീയ സ്വാധീനം കൊണ്ടാണ് ടി അപ്രൂവൽ ലഭിച്ചിട്ടുള്ളതെന്ന വാർത്ത ശരിയാണോ; എല്ലാ നിയമങ്ങളും പാലിച്ചാണോ ഉത്തരവ് നൽകിയിരിക്കുന്നത്;

(ഇ) ടി ഉത്തരവ് പ്രകാരം ടിയാൻ ലൈസൻസ് ഫീസ് ഒടുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ടിയാൻ ഫീ അടച്ചത്; തുക എത്ര; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ;

(എഫ്) ഇതിനുശേഷം ടിയാൻ പ്ളോട്ടുകളുടെ എണ്ണം കൂട്ടി ലേ-ഔട്ട് ഓർഡർ കിട്ടാൻ അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ അപേക്ഷയുടെ പകർപ്പും, അനുബന്ധ രേഖകളും ലഭ്യമാക്കുമോ;

(ജി) ടി ലേ-ഔട്ടിന് എതിരെ ആരെങ്കിലും നഗരസഭയിൽ പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഈ വസ്തുവിൽ OS.73/2005 പ്രകാരം തിരുവനന്തപുരം കോടതിയിൽ കേസ് ഉള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ചെറായി ജംഗ്ഷനിൽ ബൈപ്പാസ് നിർമ്മാണവും ഓട്ടോസ്റ്റാൻറ് മാറ്റി സ്ഥാപിക്കലും</u>

5426. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ ഗതാഗതപ്രശ്നം നേരിടുന്ന പള്ളിപ്പുറം പഞ്ചായത്തിലെ ചെറായി ജംഗ്ഷനിൽ ബൈപ്പാസ് നിർമ്മിക്കുന്നതിനും, ഓട്ടോസ്റ്റാൻറ് മാറ്റി സ്ഥാപിക്കുന്നതിനും ജിഡയിൽ നിന്നും തുക അനുവദിച്ചിരുന്നുവോയെന്ന് വിശദമാക്കാമോ;

(ബി) ടി പ്രവൃത്തികൾ ആരംഭിക്കുന്നതിലെ കാലതാമസം എന്തൊക്കെയെന്ന് അറിയാമോ;വിശദമാക്കാമോ;

(സി) ടി പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് അറിയാമോ;വ്യക്തമാക്കാമോ;

(ഡി) ടി പ്രവൃത്തികൾക്കായി അനുവദിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

## മുനമ്പം-വൈപ്പിൻ തീരദേശപാത പുനർ നിർമ്മാണം

5427. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനമ്പം-വൈപ്പിൻ തീരദേശപാത പുനർ നിർമ്മിക്കുന്നതിന് ജിഡയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര റീച്ചുകളായാണ് പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഏതെല്ലാം റീച്ചുകളിൽ പ്രവൃത്തി ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഇ) മുനമ്പം മുതൽ എടവനക്കാട് വരെയുള്ള റീച്ചിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഏതെല്ലാം റീച്ചുകളാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കാമോ ;

(ജി) ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ; അനിശ്ചിതമായി ടെണ്ടർ നടപടികൾ ദീർഘിപ്പിച്ചതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

## നഗരവികസന നിയമങ്ങൾ

5428. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള നഗരവികസന നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ

## നഗരാസൂത്രണ വകുപ്പിന്റെ നവീകരണം

5429. ശ്രീ.പി.സി വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, എ.റ്റി.ജോർജ്
,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരാസൂത്രണ വകുപ്പിൽ നവീകരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനും തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടങ്ങൾ</u>

5430. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിലും കോർപ്പറേഷനുകളിലുമായി ചട്ടങ്ങൾ പാലിക്കാതെ എത്ര കെട്ടിടങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ചട്ടങ്ങൾ പാലിക്കാതെ എത്ര കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും ഇത്തരം കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ?

<u>സ്മാർട്ട് സിറ്റികളും അമൃത് പദ്ധതികളും</u>

5431. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

**,,** കെ.എസ്.ശബരീനാഥൻ

**,,** സണ്ണി ജോസഫ്

**,,** പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൻെറ സ്മാർട്ട് സിറ്റികളും അമൃത് പദ്ധതികളും നടപ്പാക്കാൻ നടപടികൾ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

<u>ഇലക്ട്രോണിക് മാലിന്യ ശേഖരണം</u>

5432. ശ്രീ.വി.റ്റി.ബൽറാം

**,,** ഹൈബി ഈഡൻ

**,,** ആർ . സെൽവരാജ്

**,,** സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

<u>കോട്ടത്തോടിലെ മാലിന്യ നിർമ്മാർജ്ജന പ്രവൃത്തി</u>

5433. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കോട്ടത്തോടിന്റെ മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികൾക്ക് മലിനീകരണ നിയന്ത്രണ വകുപ്പിൽ നിന്നും തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തി നാളിതുവരെയായി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ ഉപേക്ഷിക്കുന്നവർക്കെതിരെ നടപടി</u>

T 5434. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങൾ വൃത്തികേടാക്കുന്നത് തടയുന്നതിന് പ്രത്യേക നിയമം നിലവിലുണ്ടോ; എങ്കിൽ പൊതു നിരത്തുകളും മറ്റ് പൊതുസ്ഥലങ്ങളും വൃത്തികേടാക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(ബി) വീടുകളിലെയും ഫ്ലാറ്റുകളിലെയും മറ്റ് വ്യാപാര സ്ഥാപനങ്ങളിലെയും മാലിന്യങ്ങൾ വാഹനങ്ങളിൽ കൊണ്ടുവന്ന് നിരത്തുകളിലും മറ്റ് പൊതുസ്ഥലങ്ങളിലും ഉപേക്ഷിക്കുന്നവർക്കെതിരെ നിലവിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിക്കുന്നത്;

(സി) മാലിന്യം വലിച്ചെറിയുന്നവർക്കെതിരെയും പരിസ്ഥിതിയ്ക്ക് ഹാനികരമായ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്നവർക്കെതിരെയും ശക്തമായ നടപടികൾ സ്വീകരിക്കുമോ?

<u>നഗരാസൂത്രണത്തിൽ ജനാധിപത്യ സമിതികൾക്ക് പങ്കാളിത്തം</u>

5435. ശ്രീ.ബെന്നി ബെഹനാൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, പാലോട് രവി

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരാസൂത്രണത്തിൽ ജനാധിപത്യ സമിതികൾക്ക് പങ്കാളിത്തം വ്യവസ്ഥ ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ് റിപ്പോർട്ട്</u>

T 5436. ശ്രീ.സി.ദിവാകരൻ

,, ഇ.കെ.വിജയൻ

,, മുല്ലക്കര രത്നാകരൻ

,, കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ലെ സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം ഗ്രാമീണ കുടുംബങ്ങൾ ഭൂമിയില്ലാത്തവരായിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽ പറയുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമീണ മേഖലയിൽ കൂലിപ്പണി, വീട്ടുജോലി എന്നിവ ചെയ്ത് ജീവിക്കുന്നവർ എത്ര ശതമാനം വീതമുണ്ടെന്നാണ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ തീരുമാനിച്ചിട്ടുണ്ടോ, എങ്കിൽ

വിശദമാക്കുമോ?

നൃൂനപക്ഷ വകുപ്പ മേധാവിയെ സ്ഥിരപ്പെടുത്തിയ നടപടി

5437. ശ്രീ.എ.കെ.ബാലന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് നഗരകാര്യവും നൃൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഡെപ്യൂട്ടേഷനിലെത്തിയ നൃൂനപക്ഷ വകുപ്പ മേധാവിയെ സര്‍ക്കാര്‍ സര്‍വ്വീസില്‍ പ്രസ്തുത തസ്തികയില്‍ തന്നെ സ്ഥിരപ്പെടുത്താന്‍ തീരുമാനിച്ചിട്ടുണ്ടോ ;ഏത് സര്‍വ്വീസില്‍ നിന്നാണ് അദ്ദേഹം ഡെപ്യൂട്ടേഷനില്‍ വന്നിട്ടുള്ളത് ;

(ബി) പ്രസ്തുത തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകള്‍ എന്തെല്ലാമാണ് ;നിലവിലുള്ള മേധാവിയ്ക്ക് പ്രസ്തുത യോഗ്യതകള്‍ എല്ലാം ഉണ്ടോ ; വ്യക്തമാക്കുമോ ;

(സി) അദ്ദേഹത്തെ സര്‍വ്വീസില്‍ സ്ഥിരപ്പെടുത്താനുള്ള നീക്കത്തെ ധന,നിയമ,ഭരണ പരിഷ്കാര വകുപ്പുകള്‍ എതിര്‍ത്തിരുന്നോ; എങ്കില്‍ പ്രസ്തുത എതിര്‍പ്പുകള്‍ അവഗണിച്ച് അദ്ദേഹത്തെ നിയമിക്കാനുള്ള സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ ?

നൃൂനപക്ഷക്ഷേമ വകുപ്പിലെ പദ്ധതി വിഹിത വിനിയോഗം

5438. ശ്രീ.കെ.കെ.ജയചന്ദ്രന്‍

,, പി.ടി.എ. റഹീം

ഡോ.കെ.ടി.ജലീല്‍

ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് നഗരകാര്യവും നൃൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) നൃൂനപക്ഷക്ഷേമ വകുപ്പിന് അനുവദിക്കപ്പെട്ട തുക കാര്യക്ഷമമായി ചെലവഴിക്കപ്പെടുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) നൃൂനപക്ഷക്ഷേമ വകുപ്പിന് ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം അനുവദിക്കപ്പെട്ട തുകയും പിന്‍വലിക്കപ്പെട്ട തുകയും സംബന്ധിച്ച കണക്ക് ലഭ്യമാണോ ; എങ്കില്‍ അവ നല്കാമോ ;

(സി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം സംസ്ഥാന നൃൂനപക്ഷക്ഷേമ വകുപ്പിന് അനുവദിക്കപ്പെട്ട തുകയില്‍ ചെലവഴിക്കപ്പെടാതെ പോയതും ലാപ്സായി പോയതും ഏതൊക്കെ പദ്ധതികള്‍ക്കായിരുന്നു എന്നറിയിക്കാമോ ;

(ഡി) പ്രസ്തുത അവസ്ഥ സംജാതമായതിന്റെ കാരണം അറിയിക്കാമോ ?

നൃൂനപക്ഷക്ഷേമ പദ്ധതികള്‍

5439. ശ്രീ.സി.ദിവാകരന്‍ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും നൃൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) 2014-15 - ല്‍ നൃൂനപക്ഷ ക്ഷേമത്തിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്നും എത്ര പേര്‍ക്കാണ് ഇപ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും ജില്ലാടിസ്ഥാനത്തില്‍ വിശദമാക്കാമോ?

നൃൂനപക്ഷക്ഷേമ പദ്ധതികള്‍ നടപ്പിലാക്കാന്‍ കണ്ണൂര്‍ ജില്ലയില്‍ നിന്നും തെരഞ്ഞെടുത്ത പഞ്ചായത്തുകള്‍

5440. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് നഗരകാര്യവും നൃൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് പ്രപ്പോസൽ സമർപ്പിക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ച് കണ്ണൂർ ജില്ലയിൽ നിന്നും ഏതൊക്കെ പഞ്ചായത്തുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത് ; എന്തൊക്കെ പ്രപ്പോസലുകളാണ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളത് ; പ്രസ്തുത പ്രപ്പോസലിന് അനുമതി ലഭിച്ചിട്ടുണ്ടോ ?

## വേനൽ മഴകളിലും മറ്റ് കാലവർഷക്കെടുതികളിലുമായി സംഭവിച്ച നാശനഷ്ടങ്ങൾ

5441. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011 മുതൽ 2015 വരെ ഓരോ വർഷവുമുണ്ടായ വേനൽ മഴകളിലും മറ്റ് കാലവർഷക്കെടുതികളിലുമായി ഓരോ വർഷവും സംസ്ഥാനത്തു സംഭവിച്ചതും കർഷകർ നേരിട്ടതുമായ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയോ ; എങ്കിൽ എന്തെല്ലാം ; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) 2015 ജൂൺ, ജൂലായ് മാസത്തിലുണ്ടായ വേനൽമഴയിലും തീക്കാറ്റിലും കർഷകർക്കുണ്ടായ നാശനഷ്ടങ്ങളും തീക്കാറ്റിനുണ്ടായ കാരണങ്ങളും എന്താണ് എന്ന് പരിശോധിച്ചുവോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കൃഷി നാശത്തിന് വിധേയരായ കർഷകർക്ക് 2011 മുതൽ 2015 വരെ ഓരോ വർഷവും നൽകാനായി സംസ്ഥാന സർക്കാർ അനുവദിച്ച തുക എത്ര; കേന്ദ്രസർക്കാർ നൽകിയ തുക എത്ര; ഇവ ഓരോന്നിലുമായി കർഷകർക്ക്നൽകിയ തുക എത്ര; എത്ര കർഷകർക്ക് പ്രസ്തുത സഹായം ലഭിച്ചു എന്ന് ജില്ല തിരിച്ചും വർഷം തിരിച്ചും വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2011 മുതൽ 2015 വരെ കൃഷി നാശത്തിന് വിധേയരാകുകയും സഹായം അഭ്യർത്ഥിക്കുകയും ചെയ്ത അപേക്ഷകരിൽ ഓരോ ജില്ലയിലും നാളിതുവരെ സഹായം ലഭിക്കാത്തവർ എത്ര എന്ന് വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

## സംയോജിത ഭക്ഷ്യവിളകളുടെ ഉൽപ്പാദനം

5442. **ശ്രീ.**വർക്കല കഹാർ

,, ഹൈബി ഈഡൻ

,, ബെന്നി ബെഹനാൻ

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ഭക്ഷ്യവിളകളുടെ ഉൽപ്പാദനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## ജൈവ കാർഷിക മണ്ഡലം പരിപാടി

5443. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കാർഷിക മണ്ഡലം പരിപാടിയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാം; അതിനായി കൊയിലാണ്ടി മണ്ഡലത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) പുതുതായി ഈ പദ്ധതിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്നറിയിക്കുമോ?

<u>ജൈവ വളങ്ങളുടെ ഗുണനിലവാരം</u>

5444. ശ്രീ.എം.ചന്ദ്രൻ

,, പി.ടി.എ. റഹീം

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറക്കുമതി ചെയ്യപ്പെടുന്ന ജൈവ വളങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) ജൈവവളങ്ങളുടെ ഗുണനിലവാര പരിശോധനയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തിന് ആവശ്യമായി വരുന്ന ജൈവവളം ഇവിടെ ഉല്പാദിപ്പിക്കപ്പെടാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; അവ എന്തെല്ലാംഎന്നറിയിക്കുമോ?

<u>കൃഷി വകുപ്പ് മുഖേന നെല്ല് സംഭരണം</u>

5445. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിക്കാൻ കൃഷി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ, കഴിഞ്ഞ 5 വർഷം കൃഷി വകുപ്പ് സംഭരിച്ച നെല്ലിന്റെ അളവ് വർഷവും ജില്ലയും തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ;നെൽകർഷകർക്ക് ഈ സർക്കാർ വന്നതിന്ശേഷം പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>കൃഷി വിജ്ഞാന വ്യാപനം</u>

5446. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വി.റ്റി.ബൽറാം

,, എ.റ്റി.ജോർജ്

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ വിജ്ഞാന വ്യാപനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ചക്ക സംസ്കരണ യൂണിറ്റുകൾ</u>

5447. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചക്ക സംസ്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ചക്ക സംസ്കരണം ശാസ്ത്രീയാടിസ്ഥാനത്തിൽ പ്രാവർത്തികമാക്കുന്നതിനായി വ്യാപകമായി സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷി ഭവനുകളിൽ തയ്യാറാക്കി സൂക്ഷിക്കേണ്ട ഡാറ്റകൾ

5448. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ കൃഷിഭവനുകളിലും തങ്ങളുടെ മേഖലയിലുള്ള കൃഷിയിടങ്ങളുടെ കണക്കും അവിടെ കൃഷിചെയ്യുന്നതും കൃഷിചെയ്യാവുന്നതുമായ കാർഷിക ഇനങ്ങളുടെ വിവരങ്ങളും അപ്രകാരം കൃഷിചെയ്യുന്നതിനു വേണ്ട പ്രതീക്ഷിത ചെലവും കാലാകാലങ്ങൾ കൃഷിഭൂമിയായി നിലനിൽക്കുന്നതും നികത്തപ്പെടുന്നതുമായ ഭൂമിയുടെ വിവരങ്ങളും ഉൾപ്പെടെ കൃഷിയെ സഹായിക്കാവുന്ന എന്തെല്ലാം വിവരങ്ങളുടെ ശേഖരം സൂക്ഷിക്കുന്നുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ഓരോ കൃഷി ഭവനുകളിലും തയ്യാറാക്കി സൂക്ഷിക്കേണ്ട ഡാറ്റകൾ സംബന്ധിച്ച് കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം തയ്യാറാക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തുമുള്ള കർഷകരെ വിവരങ്ങൾ ധരിപ്പിക്കുന്നതിനും അവിടങ്ങളിലെ കൃഷിയുടെ പുരോഗതി വിലയിരുത്തുന്നതിനും സംവിധാനമുണ്ടോ എന്നു വ്യക്തമാക്കാമോ;

(ഡി) ഓരോ കൃഷി ഭവനുകളിൽ നിന്നും കർഷകർ ആവശ്യപ്പെട്ടാൽ ഇപ്രകാരം കൃഷിചെയ്യുന്നതിന് സഹായകരമായ വിവരങ്ങൾ മേൽപറഞ്ഞ ഡാറ്റാ ബാങ്കിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പിനായി വകയിരുത്തിയ തുകയുടെ വിനിയോഗം

5449. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ കൃഷി വകുപ്പിനായി വകയിരുത്തിയ തുകയെത്രയെന്നും പ്രസ്തുത തുക ഏതെല്ലാം പദ്ധതികൾക്കായി എത്ര വീതം വിനിയോഗിക്കാൻ തീരുമാനിച്ചിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി 31.3.2015 വരെ വിനിയോഗിക്കപ്പെട്ട തുകയെത്രയെന്ന് വിശദമാക്കാമോ;

(സി) പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ തുക ചെലവഴിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദീകരിക്കുമോ?

കൃഷി ഓഫീസർമാരുടെ ഒഴിവുകളും കാർഷിക വിളകളുടെ നാശ നഷ്ടവും

5450. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കൃഷി ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി)

നൂതന കൃഷിരീതികൾ

5451. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

,, പി.ബി. അബ്ദുൾ റസാക്

,, അബ്ദുറഹിമാൻ രണ്ടത്താണി

,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മാണുക്കളെ ഉപയോഗിച്ചുള്ള കൃഷിരീതിയിൽ നൂതനാശയങ്ങളുമായി കാർഷിക സംഘടനകൾ രംഗത്തുള്ള കാര്യം അറിവുണ്ടോ ;

(ബി) എങ്കിൽ അവരുടെ നൂതനാശയങ്ങളുടെ പ്രയോഗക്ഷമതയും, ഉല്പാദനമികവും പരിശോധിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഫലം വ്യക്തമാക്കുമോ ;

(സി) സൂക്ഷ്മാണുവള പ്രയോഗത്തിൽ വയനാട് ആദിവാസി വിഭാഗത്തിന്റെ പരമ്പരാഗത രീതികൾ പഠന വിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ?

## കർഷക കടാശ്വാസ കമ്മീഷൻ

5452. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി എത്ര നാളത്തേക്ക് ആണ് നീട്ടാൻ തീരുമാനിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ;

(ബി) കർഷക കടാശ്വാസ കമ്മീഷന് ഏത് ജില്ലയിലാണ് കൂടുതൽ അപേക്ഷകരുള്ളതെന്ന് വ്യക്തമാക്കാമോ?

## നാളികേര നീര ബോർഡ്

5453. ശ്രീ.വി.എസ്.സുനിൽ കുമാർ

,, ജി.എസ്.ജയലാൽ

,, കെ.അജിത്

,, ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര നീര ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ബോർഡിന്റെ ചുമതലകൾ എന്തെല്ലാമായിരിക്കുമെന്ന് വ്യക്തമാക്കുമോ ;

## റബ്ബർ സംഭരണം

5454. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ റബ്ബർ സംഭരണത്തിനായി ചെലവഴിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ഏജൻസികൾക്കാണ് റബ്ബർ സംഭരണത്തിന് ഫണ്ട് അനുവദിച്ചത്;

(സി) സംഭരണം കൊണ്ട് റബ്ബർ കർഷകർക്ക് എന്തൊക്കെ പ്രയോജനം ഉണ്ടായെന്ന് വ്യക്തമാക്കാമോ;

(ഡി) റബ്ബർ കർഷകർക്കായി ഇനി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും അതിനായി എത്ര തുക അനുവദിച്ചു എന്നും വ്യക്തമാക്കാമോ?

റബ്ബർ വിലയിൽ ഗുണപരമായ മാറ്റം

5455. ശ്രീ.ഇ.പി.ജയരാജൻ

,, കെ.സുരേഷ് കുറുപ്പ്

,, രാജു എബ്രഹാം

,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കിലോഗ്രാമിന് 150 രൂപയെങ്കിലും കർഷകർക്ക് ലഭ്യമാക്കാൻ പ്രഖ്യാപിച്ച പദ്ധതി നടപ്പാക്കി തുടങ്ങിയോ എന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതി നടത്തിപ്പ് ആരംഭിച്ചിട്ടുണ്ടെങ്കിൽ ഇത് റബ്ബർ വിലയിൽ എന്ത് ഗുണപരമായ മാറ്റം വരുത്തിയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിക്കായി നീക്കിവെച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിലെ സ്ഥിതി വച്ച് നോക്കിയാൽ ഈ തുക പര്യാപ്തമാണോ ; ഇല്ലെങ്കിൽ അധികഫണ്ട് പദ്ധതിക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന മൊത്തം റബ്ബറിനും പ്രഖ്യാപിച്ച വില ലഭ്യമാക്കാൻ ആവശ്യമാകുന്ന തുക എത്രയായിരിക്കും ; മുൻവർഷത്തെ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

റബ്ബർ വിലസ്ഥിരതാഫണ്ട് രൂപീകരണവും താങ്ങുവിലയും

5456. ശ്രീ.എം.എ.ബേബി

,, എസ്.രാജേന്ദ്രൻ

,, ബാബു എം. പാലിശ്ശേരി

,, എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ റബ്ബർ കർഷകരെ സഹായിക്കാൻ പ്രഖ്യാപിച്ച വില സ്ഥിരതാഫണ്ട് രൂപീകരണം എന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ ;

(ബി) റബ്ബറിന് താങ്ങുവില നൽകിയുള്ള സംഭരണം എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) റബ്ബർബോർഡ് , ദൈനംദിനവിലയും താങ്ങുവിലയും തമ്മിലുള്ള വില വ്യത്യാസം കണക്കാക്കി കർഷകർക്ക് ലഭ്യമാക്കാൻ റബ്ബർ ഉൽപാദക ജില്ലകളിലെ ഏതെല്ലാം സ്ഥാപനങ്ങളുടെ സേവനമാണ് ലഭ്യമാക്കുകയെന്ന് അറിയിക്കാമോ ;

(ഡി) റബ്ബർ കർഷക രജിസ്ട്രേഷൻ എല്ലാ പ്രദേശത്തും നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

കാർഷിക വായ്പ

5457. ശ്രീ.എ.കെ.ബാലൻ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ

,, റ്റി.വി.രാജേഷ്

,, കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്കാർക്ക് മതിയായ അളവിൽ വായ്പാലഭ്യത ഉറപ്പാക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി)

(സി)

കാർഷിക മേഖലയിൽ സ്വീകരിച്ച രോഗനിവാരണ പ്രവർത്തനങ്ങൾ

5458. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനം ഇന്ന് നാളികേര മേഖലയിലും നെല്ലുല്പാദന മേഖലയിലും കർഷകർക്ക് കൃഷി നാശങ്ങൾ സഹിക്കാൻ ശേഷിയില്ലാത്തതു മൂലവും, കാർഷിക മേഖലയിൽ തെങ്ങുകൾക്ക് ഉണ്ടാകുന്ന രോഗനിവാരണത്തിന് വേണ്ടുന്ന മരുന്നുകളോ സംരക്ഷണമോ ലഭിക്കാത്തതു മൂലം കൃഷിനാശം സംഭവിക്കുന്നതും മൂലവും കൃഷിയിൽ നിന്നും പിന്നാക്കം പോകുന്നതും ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ കർഷകരെ സഹായിക്കാൻ കാർഷിക മേഖലയിൽ സ്വീകരിച്ച രോഗനിവാരണ പ്രവർത്തനങ്ങളും സർക്കാർ സഹായങ്ങളും എന്ത് എന്ന് 2011 മുതൽ 2015 വരെയുള്ള സർക്കാർ പ്രവർത്തനങ്ങൾ എന്ത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും സംസ്ഥാനത്ത് കേര കൃഷിയും നെൽ കൃഷിയും മറ്റ കൃഷികളും എത്ര ഹെക്ടർ സ്ഥലങ്ങളിൽ നടത്തിയെന്നും എത്ര കർഷകർ എത്ര തുകയുടെ കൃഷിനാശങ്ങൾക്ക് വിധേയമായിയെന്നും ഓരോ വർഷവും രോഗാണു മൂലവും മറ്റും എത്ര കേര വൃക്ഷങ്ങൾ സർക്കാർ ധനസഹായം കൈപ്പറ്റിയും അല്ലാതെയും മുറിച്ചു മാറ്റുകയുണ്ടായിയെന്നും വ്യക്തമാക്കുമോ;

കാർഷിക വിപണിയ്ക്ക് സഹായം

5459. ശ്രീ.കോടിയേരി ബാലകൃഷ്ണൻ
,, എം. ഹംസ
ശ്രീമതി.കെ.കെ.ലതിക
ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിപണിയിൽ ഇടപെട്ട് സഹായം നൽകൽ പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം സംഭരണ ഏജൻസികൾക്കാണ് പദ്ധതിയുടെ ഭാഗമായി തുക നൽകിയതെന്നറിയിക്കാമോ ;

(സി) പ്രസ്തുത ഏജൻസികൾ ഏല്പിക്കപ്പെട്ട ദൗത്യം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; പോരായ്മകൾ കടന്നു കൂടിയിട്ടുണ്ടോ; എന്തെല്ലാമാണ് പോരായ്മകൾ എന്നറിയിക്കാമോ ;

(ഡി) ഏതെല്ലാം കാർഷികോല്പന്നങ്ങളാണ് ഈ പദ്ധതിപ്രകാരം സംഭരണം നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ഇ) പദ്ധതിപ്രകാരം ഇടപെടൽ നടത്തിയതു മൂലം പ്രസ്തുത കാർഷികോല്പന്നങ്ങളുടെ വിലയിൽ എന്ത് ഗുണപരമായ മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

എലത്തൂർ നിയോജക മണ്ഡലത്തിലെ നിറവ് പദ്ധതി

5460. ശ്രീ.എ. കെ. ശശീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) നിറവ് പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികളുടെ തുക ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ?

തെങ്ങിൻ തൈകളുടെ വിതരണം

5461. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നും ഈ വർഷം എത്ര തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) തെങ്ങിൻ തൈകൾ കർഷകർക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

പാലക്കാട് ജില്ലയിലെ കൃഷി അസിസ്റ്റന്റുമാരുടെ സ്ഥലം മാറ്റം സംബന്ധിച്ച്

5462. ശ്രീ.സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ ഒരു ജില്ലയ്ക്കുള്ളിൽ കൃഷി അസിസ്റ്റന്റ്, അസിസ്റ്റന്റ് കൃഷി ഓഫീസർ എന്നീ തസ്തികയിലുള്ളവരുടെ പൊതുസ്ഥലംമാറ്റം ജില്ലാ കൃഷി ഓഫീസർ നടത്തുമ്പോൾ നിയമപരമായി പാലിക്കേണ്ട പൊതുമാനദണ്ഡം സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും, സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ ജില്ലാ കൃഷി ഓഫീസർ 19.06.2015 ന് ഇറക്കിയ ഉത്തരവ് പ്രകാരം കൃഷി അസിസ്റ്റന്റ്, അസിസ്റ്റന്റ് കൃഷി ഓഫീസർ എന്നിവരുടെ സ്ഥലംമാറ്റ കാര്യത്തിൽ നിലവിലുള്ള മാനദണ്ഡങ്ങളും ഉത്തരവുകളും കൃത്യമായി പാലിച്ചിട്ടുണ്ടോയെന്നു വെളിപ്പെടുത്തുമോ ;

(സി) മേൽ സൂചിപ്പിച്ച ഉത്തരവിലേക്ക് പരിഗണിക്കപ്പെടുവാൻ കൃഷി ഓഫീസർമാർ, അസിസ്റ്റന്റ് ഡയറക്ടർമാർ എന്നിവർ സാക്ഷ്യപ്പെടുത്തി ശുപാർശ ചെയ്ത ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇങ്ങനെ ലഭിച്ച മുഴുവൻ അപേക്ഷകളുടേയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) ഔദ്യോഗികമായി ജില്ലാ കൃഷി ഓഫീസർക്ക് ലഭിച്ച അപേക്ഷകൾ കൂടാതെ ജില്ലാ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റുമാരിൽ നിന്നും നേരിട്ട് അപേക്ഷകൾ സ്വീകരിച്ച് ആർക്കെങ്കിലും സ്ഥലം മാറ്റം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അങ്ങനെയുള്ള അപേക്ഷകളുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകൾ ലഭ്യമാക്കുമോ;

(ഇ) പാലക്കാട്, മലമ്പുഴ, പട്ടാമ്പി എന്നീ ബ്ലോക്കുകളിലെ കൃഷി വകുപ്പ് ഓഫീസുകളിൽ, കൃഷി അസിസ്റ്റന്റ്, അസിസ്റ്റന്റ് കൃഷി ഓഫീസർ എന്നീ തസ്തികകളിൽ അവർ ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസുകളിൽ 3 വർഷം പൂർത്തീകരിച്ച ഉദ്യോഗസ്ഥർ ആകെ എത്ര പേരുണ്ട്; ഇവരുടെ പേരും വിലാസവും വ്യക്തമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിലെ നിറവ് പദ്ധതി

5463. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതി പ്രകാരം പേരാമ്പ്ര മണ്ഡലത്തിൽ നാളിതുവരെ നടന്ന പദ്ധതികൾ എന്തെല്ലാമെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതം ചെലവഴിച്ചു എന്ന് പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കുമോ ;

(സി) 2015-16 വർഷത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നിറവിൽ പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശംങ്ങൾ വെളിപ്പെടുത്തുമോ ?

ധർമ്മടം നിയോജകമണ്ഡലത്തിലെ പദ്ധതികൾ

5464. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ നാലുവർഷമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

നെൽവയൽ നികത്തൽ

5465. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ നെൽകൃഷി ചെയ്യുന്നത് കുറവാണെന്ന കാരണത്താൽ വ്യാവസായിക ആവശ്യത്തിനായി ഇവിടുത്തെ നെൽവയലുകൾ നികത്തുവാൻ അനുവദിക്കുമെന്ന തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

കാസർഗോഡ് മുളിയാർ പ്ലാന്റേഷന്റെ സ്ഥലം പതിച്ചുകൊടുത്ത വിഷയം

5466. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മുളിയാർ പ്ലാന്റേഷന്റെ 85 സെന്റ് സ്ഥലം സ്വകാര്യ വ്യക്തിയുടെ പറമ്പിലേക്ക് റോഡുണ്ടാക്കുന്നതിനായി വ്യാജ പട്ടയം ചമച്ച് പതിച്ചുകൊടുത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് വകുപ്പ് അന്വേഷണം നടത്തുകയോ വ്യാജ പട്ടയം ചമച്ചവർക്കെതിരെ നടപടി ആവശ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന് കീഴിലുള്ള കാർഷിക തോട്ടങ്ങൾ

5467. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന് കീഴിൽ ഇപ്പോൾ എത്ര കാർഷിക തോട്ടങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ; ഇവിടെനിന്നും ഏതൊക്കെ നടീൽ വസ്തുക്കളാണ് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ജൈവകാർഷിക മണ്ഡലം പദ്ധതി

5468. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകാർഷിക മണ്ഡലം പദ്ധതിയിൽപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ ജൈവ ഇൻപുട്ട് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനായി താമരക്കുളം പഞ്ചായത്തിൽ സ്ഥലം ഏറ്റെടുത്തതിലെ വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ടോ ;

(സി) അടിയന്തരമായി ജൈവ ഇൻപുട്ട് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) ജൈവകാർഷിക മണ്ഡലം പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു ബയോ കൺട്രോൾ ലാബ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## കാസർഗോഡ് ജില്ലയിലെ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ

5469. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര കൃഷി ഓഫീസർമാരുടെ ഒഴിവുകളാണുള്ളതെന്ന് ഓഫീസുകൾ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ജില്ലയിൽ നിയമിതരായ ഏതെങ്കിലും കൃഷി ഓഫീസർമാർ വർക്കിംഗ് അറേഞ്ച്മെന്റ് എന്ന നിലയിൽ മറ്റു സ്ഥലങ്ങളിൽ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയത് പ്രസ്തുത പ്രദേശങ്ങളിൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയത് പരിഹരിക്കുന്നതിനു എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് പറയാമോ?

## നാദാപുരത്തെ തെങ്ങുകളിലെ കുമ്പുചീയൽ

5470. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ മലയോര മേഖലയിലെ തെങ്ങുകളിൽ കുമ്പുചീയൽ രോഗം വ്യാപകമാകുന്നത് തടയുന്നതിനും,ശാശ്വത പരിഹാരം കാണുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) കുമ്പുചീയൽ രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

## കൃഷിവകുപ്പ് പ്രഖ്യാപിച്ച പുതിയ പദ്ധതികൾ

5471. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൃഷിവകുപ്പ് പ്രഖ്യാപിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികളിൽ ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണ്; അതുവഴി കാർഷിക രംഗത്ത് കൈവരിക്കാനായ പുരോഗതി വിശദമാക്കുമോ;

(സി) പ്രഖ്യാപിച്ചവയിൽ ഇനിയും ആരംഭിക്കാൻ കഴിയാത്ത പദ്ധതികൾ ഏതെല്ലാമാണ്; അതിനുള്ള കാരണം വ്യക്തമാക്കുമോ?

## നബാർഡിന്റെ പദ്ധതികൾ.

5472. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നബാർഡിന്റെ ധനസഹായത്തോടെ കൃഷിവകുപ്പിന്റെ കീഴിലുള്ള കോർപ്പറേഷനുകളിലൂടെ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ;ഏതെല്ലാം കോർപ്പറേഷനുകൾ വഴിയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നത്;

(ബി) കാർഷികരംഗത്തിന്റെ പുരോഗതി ലക്ഷ്യമാക്കി നബാർഡിന്റെ വിവിധ പദ്ധതികളിലൂടെ ഇതുവരെ എത്ര തുക ചെലവഴിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) കാർഷികരംഗവുമായി ബന്ധപ്പെട്ട പദ്ധതികൾ നബാർഡിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെ; ഇതിനുള്ള പ്രദേശങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്ത് ;വ്യക്തമാക്കുമോ ?

<u>ജൈവവൈപ്പിൻ പദ്ധതിയിലുൾപ്പെട്ട കുഴുപ്പിള്ളി പഞ്ചായത്തിലെ പ്രവൃത്തികൾ</u>

5473. ശ്രീ.എസ്.ശർമ്മ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊക്കാളികൃഷി, മത്സ്യകൃഷി എന്നിവ മികവുറ്റരീതിയിൽ നടപ്പാക്കുന്നതിന് കുഴുപ്പിള്ളി പഞ്ചായത്തിലെ പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രദേശത്ത് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ജൈവവൈപ്പിൽ പദ്ധതിയിലുൾപ്പെട്ട എതെല്ലാം പ്രവൃത്തികളാണ് കുഴപ്പിള്ളി പഞ്ചായത്തിലുൾപ്പെടുകയെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

<u>ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണം</u>

5474. ശ്രീ.അൻവർ സാദത്ത്

,, ഡൊമിനിക് പ്രസന്റേഷൻ

,, കെ.മുരളീധരൻ

,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനും വിതരണത്തിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ</u>

5475. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കഴിഞ്ഞ 5 വർഷത്തെ നെല്ലുല്പാദനം എത്രയാണ്; വർഷം, ജില്ല, കൃഷിചെയ്യുന്ന വിസ്തീർണ്ണം എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ സർക്കാർ കാലയളവിൽ നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലം ഉല്പാദനത്തിലും കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ സബ്സിഡി അടക്കമുള്ള എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഇ) കഴിഞ്ഞ 5 വർഷം ഇപ്രകാരം വിതരണം ചെയ്തിട്ടുള്ള ധനസഹായത്തിന്റെ വിശദാംശങ്ങൾ വർഷവും ജില്ലയും തിരിച്ച് വ്യക്തമാക്കുമോ?

<u>കർഷകകടാശ്വാസ കമ്മീഷൻ</u>

5476. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകകടാശ്വാസ കമ്മീഷനിൽ കൊല്ലം ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു ; സർക്കാർ കമ്മീഷന് നല്കിയ തുക എത്രയെന്നറിയിക്കുമോ?

<u>എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം</u>

5477. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെ എൻഡോസൾഫാൻ ദുരന്തബാധയെ തുടർന്ന് എത്ര പേർ മരണപ്പെട്ടെന്ന് വിശദമാക്കാമോ;

(ബി) ദുരിതബാധിതർ മരിക്കുന്നതിന് മുമ്പ് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; മരണപ്പെട്ടതിനുശേഷം കുടുംബത്തിന് എത്ര വീതം എത്ര പേർക്ക് സാമ്പത്തിക സഹായം അനുവദിച്ചുവെന്ന് വിശദമാക്കാമോ?

<u>നാളികേരത്തിന്റെ വില ഇടിവ്</u>

5478. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ വിലയിടിവ് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) പച്ചതേങ്ങ സംഭരണത്തിൽ പാളിച്ചകൾ ഉണ്ടോ ;നാളീകേരത്തിന്റെ വിലയിടിവിന് ഇത് എത്രത്തോളം ബാധിച്ചിട്ടുണ്ട് ;

(സി) എങ്കിൽ പച്ചതേങ്ങ സംഭരണം കാര്യക്ഷമമാക്കി കർഷകർക്ക് ന്യായ വില ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

<u>കൊയിലാണ്ടിയിൽ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ</u>

5479. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ ഏതെല്ലാം നെൽകൃഷി വികസന ഏജൻസികൾക്ക് ഫണ്ട് നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) മാതൃകാ ഹൈടെക് ഹരിത ഗ്രാമം പദ്ധതിയിൽ കൊയിലാണ്ടിയിലെ ചേമഞ്ചേരി പഞ്ചായത്തിൽ

നടപ്പിലാക്കിയതെന്തെല്ലാം; ചെലവഴിച്ച തുക എത്ര;

(ഡി) കേരഗ്രാമം പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പാക്കിയതെന്തെല്ലാം; ഓരോ ഇനത്തിലും എത്ര തുക അനുവദിച്ചു; എത്ര ചെലവഴിച്ചു; നിയോജക മണ്ഡലത്തിൽ കർമ്മസേന ഏതെല്ലാം പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്; നാളികേര വികസന ബോർഡിൽ നിന്നും എത്ര പേർക്ക് തെങ്ങുകയറ്റ യന്ത്രം അനുവദിച്ചിട്ടുണ്ട്; എത്ര രൂപ മൊത്തം ഈ ഇനത്തിൽ ചെലവഴിച്ചു; പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ഇ) മട്ടുപ്പാവ് കൃഷി പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പാക്കിയതെന്തെല്ലാം; എത്ര രൂപ ഈ പദ്ധതിയിൽ മണ്ഡലത്തിൽ അനുവദിച്ചു; എത്ര രൂപ ചെലവഴിച്ചു; എത്ര ഗ്രോബാഗുകൾ വിതരണം ചെയ്തു; ഇതിന്റെ ഉല്പാദനപരമായ വളർച്ച എത്ര; വിശദമായി വ്യക്തമാക്കാമോ;

(എഫ്) പച്ചത്തേങ്ങ സംഭരണ പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിൽ കൃഷി ഭവനുകളിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര തേങ്ങ സംഭരിച്ചു; ക്വിന്റൽ കണക്കിൽ കൃഷി ഭവൻ തിരിച്ച് വർഷം തിരിച്ച് വിശദമാക്കാമോ; ഇതു വഴി എത്ര രൂപ ചെലവഴിച്ചു; വർഷം തിരിച്ച് വ്യക്തമാക്കാമോ; നാളികേരം സംഭരിച്ച വകയിൽ കേരകർഷകർക്ക് കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ; എത്ര പേർക്ക് നൽകാനുണ്ട്; ഇത് എപ്പോൾ നൽകും?

## നാളികേരത്തിന്റെ വിലയിടിവ്

5480. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നാളികേര കൃഷിക്കാരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

## എൻഡോസൽഫാൻ ദുരന്തബാധിതർക്ക് നഷ്ടപരിഹാരത്തിന് ട്രിബ്യൂണൽ രൂപീകരണം

5481. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൽഫാൻ ദുരന്തബാധിതർ താമസിക്കുന്ന പ്രദേശങ്ങളിൽ പ്രകൃതിക്കും, ജീവജാലങ്ങൾക്കും, മനുഷ്യനും വന്ന നഷ്ടം കണക്കാക്കി നഷ്ടപരിഹാരം നൽകാൻ ട്രിബ്യൂണൽ രൂപീകരിക്കണമെന്ന മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിലപാട് വിശദീകരിക്കുമോ?

## കാർഷികമേഖലയിലെ നൂതന പദ്ധതികൾ

5482. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ**

**,, റോഷി അഗസ്റ്റിൻ**

**ഡോ.എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികമേഖലയുടെ വളർച്ചക്കായി നടപ്പാക്കുന്ന നൂതന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) കൃഷിക്കായി പ്രത്യേക ബഡ്ജറ്റ് അവതരിപ്പിക്കണമെന്ന് കാർഷിക നയത്തിൽ ശിപാർശ ചെയ്തിട്ടുണ്ടോ ;

(സി) കാർഷിക അനുബന്ധമേഖലകളിലെ എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ച് പ്രത്യേക ബഡ്ജറ്റ്

അവതരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനം</u>

5483. ശ്രീ.കെ.ശിവദാസൻ നായർ

,, എം.എ. വാഹീദ്

,, പി.സി വിഷ്ണുനാഥ്

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>കാർഷിക സർവ്വകലാശാലയിൽ ഇ-ഗവേണൻസ്</u>

5484. ശ്രീ.എം.എ. വാഹീദ്

,, ലൂഡി ലൂയിസ്

,, എം.പി.വിൻസെൻറ്

,, കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിൽ ഇ-ഗവേണൻസ് നടപ്പാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>മൃഗ സംരക്ഷണ വകുപ്പിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുക</u>

5485. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ മൃഗ സംരക്ഷണ വകുപ്പിൽ വകയിരുത്തിയിരുന്ന തുകയെത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തുക ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ വീതം വകയിരുത്തിയിട്ടുണ്ട് ; ഇതിൽ എത്ര രൂപയാണ് ചെലവാക്കാനായതെന്ന് വിശദമാക്കാമോ ;

(സി) ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട ഏതെങ്കിലും പദ്ധതിക്കായി തുക ചെലവഴിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

<u>താറാവ് കർഷകർക്ക് നഷ്ടപരിഹാരം</u>

5486. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കർഷകർക്ക് താറാവ് വിതരണം ചെയ്തതിൻെറ മാനദണ്ഡം എന്തായിരുന്നു; അർഹതപ്പെട്ട കർഷകർക്ക് താറാവിനെ നൽകാൻ ഉദ്യോഗസ്ഥർ തയ്യാറാകാത്ത സാഹചര്യത്തിൽ, കർഷകർ മനുഷ്യാവകാശ കമ്മീഷനിൽ പരാതി നൽകിയ സംഭവം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ശ്രീ.കെ. സുഗതൻ, കോമന, അമ്പലപ്പുഴ, രണ്ടുപറയിൽ അമ്പലപ്പുഴ; ശ്രീ.കെ.വി. രവീന്ദ്രൻ, പുഷ്പാലയം, കരുമാടി.പി.ഒ, അമ്പലപ്പുഴ എന്നിവർക്ക് താറാവിനെ നൽകിയിരുന്നോ; വിശദാംശം നൽകുമോ;

(സി) താറാവ് കർഷകരായ ഇവരുടെ താറാവുകൾ പക്ഷിപ്പനി മൂലം ചത്തതിനെ തുടർന്ന് നഷ്ടപരിഹാരത്തിനായി ഇവർ അപേക്ഷകൾ നൽകിയിരുന്നോ; വ്യക്തമാക്കാമോ;

(ഡി) ഈ കർഷകർ വിവരാവകാശനിയമപ്രകാരം മൃഗസംരക്ഷണ വകുപ്പിൽ നിന്നും താറാവ് വിതരണത്തിന്റെ വിവരങ്ങൾ ശേഖരിച്ചതിലും, മനുഷ്യാവകാശ കമ്മീഷനിൽ പരാതി നൽകിയതിലുമുള്ള വിദ്വേഷം മൂലം ജില്ലാ മൃഗസംരക്ഷണ ഓഫീസറും മറ്റ് ഉദ്യോഗസ്ഥരും നഷ്ടപരിഹാരം നൽകാതിരിക്കാൻ തെറ്റായ രീതിയിൽ പ്രവർത്തിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യങ്ങൾ സംബന്ധിച്ച് വിശദമായ ഒരന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(എഫ്) ഇതു സംബന്ധിച്ച് സെക്രട്ടേറിയറ്റ് മൃഗസംരക്ഷണ വകുപ്പിൽ നിലവിലുള്ള ഫയൽ നമ്പർ 135/ജി3 /2015/എ.എച്ച്.ഡി, 148/ജി3/2015 /എ.എച്ച്.ഡി എന്നിവയിൽ അടിയന്തരമായി തീർപ്പുകൽപ്പിക്കാൻ നടപടി സ്വീകരിയ്ക്കുമോ?

<u>തരിയോട് വെറ്ററിനറി ഹോസ്പിറ്റൽ പോളിക്ലിനിക്കായി ഉയർത്തുന്നതിനുള്ള നടപടി</u>

5487. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ തരിയോട് വെറ്ററിനറി ഹോസ്പിറ്റൽ പോളിക്ലിനിക്കായി ഉയർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തരിയോട് വെറ്ററിനറി ഹോസ്പിറ്റൽ പോളിക്ലിനിക്കായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>കശാപ്പ് ചെയ്യപ്പെടുന്ന മൃഗങ്ങളുടെയും ഇറച്ചിക്കോഴികളുടെയും ഭക്ഷ്യയോഗ്യത നിശ്ചയിക്കൽ</u>

5488. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശാപ്പ് ശാലകളിൽ കശാപ്പ് ചെയ്യപ്പെടുന്ന മൃഗങ്ങളുടെയും ഇറച്ചിക്കോഴികളുടെയും ഭക്ഷ്യയോഗ്യത നിശ്ചയിക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ; ഇതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ;

<u>വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകൾ</u>

5489. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ എത്ര വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ നിയമിക്കപ്പെടുന്ന വെറ്ററിനറി ഡോക്ടർമാർ വർക്കിംഗ് അറേഞ്ച്മെന്റ് എന്ന പേരിൽ മറ്റ് സ്ഥലങ്ങളിൽ ജോലി ചെയ്യുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

## മൃഗസംരക്ഷണ വകുപ്പിലെആധുനിക വത്ക്കരണവും ഇ -ഗവേണൻസും

5490. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, സണ്ണി ജോസഫ്

,, എം.പി.വിൻസെന്റ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണവകുപ്പിൽ ആധുനിക വത്ക്കരണത്തിനും ഇ -ഗവേണൻസ് നടപ്പാക്കുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാല

5491. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, പി.എ.മാധവൻ

,, ടി.എൻ. പ്രതാപൻ

,, അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## വെറ്റിനറി സർവ്വകലാശാലയിലെ അഴിമതി

5492. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെറ്റിനറി സർവ്വകലാശാലയിൽ വൈസ് ചാൻസലർ സ്വീകരിച്ചിട്ടുള്ള ഭരണ, അക്കാദമിക് നടപടികളെക്കുറിച്ച് ഉയർന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, എന്തെല്ലാം ആക്ഷേപങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; ഇത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) വൈസ് ചാൻസലറുടെ നടപടികളെ വിദ്യാർത്ഥികളും അധ്യാപകരും എതിർക്കുകയും യൂണിവേഴ്സിറ്റി ക്യാമ്പസ് പ്രക്ഷോഭങ്ങളുടെ വേദിയായി മാറുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രക്ഷോഭത്തിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വകലാശാലയിൽ നടന്ന നിർമ്മാണം, കൺസൾട്ടൻസി, സ്റ്റാറ്റ്യൂട്ട് തിരിമറി, നിയമനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് പുറത്ത് വന്നിട്ടുള്ള അഴിമതി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇക്കാര്യത്തിൽ സർക്കാർ എന്ത് നിലപാടാണ് എടുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ജനാധിപത്യപരമായി തെരഞ്ഞെടുക്കുന്ന സെനറ്റ് , സിൻഡിക്കേറ്റ്, മറ്റ് ഭരണ സമിതികൾ എന്നിവ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

എം.എൽ.എ മാർക്കുള്ള സ്റ്റേഷനറി സാധനങ്ങളുടെ വിതരണം

5493. ശ്രീമതി.ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാർക്ക് അനുവദിച്ചിട്ടുള്ള സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്യുന്നതിലെ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) സ്റ്റേഷനറി സാധനങ്ങൾ എം.എൽ.എ മാരുടെ മുറികളിൽ എത്തിക്കുന്നതിന് നിർദ്ദേശം നൽകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ബൈൻഡർ തസ്തിക

5494. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.1.1994 മുതൽ 31.3.2000 വരെ സർക്കാർ പ്രസ്സുകളിൽ എത്ര ബൈൻഡർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; പ്രസ്തുത തസ്തികകളിൽ എത്രയെണ്ണത്തിൽ നിയമനം നടത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത കാലയളവിൽ സൃഷ്ടിച്ച ബൈൻഡർ തസ്തികകൾ ഒന്നാം ഗ്രേഡ് ബൈൻഡർ, സീനിയർ ഗ്രേഡ് ബൈൻഡർ എന്നീ തസ്തികകളായി അപ്ഗ്രേഡു ചെയ്തിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ നമ്പറും തീയതിയും അപ്ഗ്രേഡുചെയ്ത തസ്തികകളുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യ-കാർഷിക-വിദ്യാഭ്യാസ ബോധവൽക്കരണത്തിന് ജാഗ്രതാ സമിതി

5495. ശ്രീ.സി.എഫ്.തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി.യു. കുരുവിള
,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകൾ വഴി ആരോഗ്യ - കാർഷിക - വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികൾ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന മദ്യ-ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും കുറ്റകൃത്യങ്ങളും തടയുന്നതിന് ഗ്രാമ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ യുവജനങ്ങളെയും സന്നദ്ധ സംഘടനകളെയും ഉൾപ്പെടുത്തി പഞ്ചായത്തുതല ജാഗ്രതാ സമിതികൾ രൂപീകരിയ്ക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡലിവറി പ്രോജക്ട്

5496. ശ്രീ.എം.എ. വാഹീദ്
,, സി.പി.മുഹമ്മദ്
,, വി.പി.സജീന്ദ്രൻ
,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡലിവറി പ്രോജക്ട് ഒന്നാം ഘട്ടം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

എൻ.ആർ.എച്ച്.എം. ഹോമിയോ ആയൂർവേദ ഡിസ്പെൻസറികളിലെ ദിവസവേതന അറ്റൻഡർമാർ

5497. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ എൻ.ആർ.എച്ച്.എം. ഫണ്ടിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന ഹോമിയോ ആയൂർവ്വേദ ഡിസ്പെൻസറികളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള അറ്റൻഡർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) എൻ.ആർ.എച്ച്.എം. ഫണ്ടിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന ഹോമിയോ ആയൂർവേദ ഡിസ്പെൻസറികളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള അറ്റന്റർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടിയെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ?

പദ്ധതി ചെലവ്

5498. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 -15 വർഷത്തെ മാർച്ച് 31-ന് അവസാനിക്കുമ്പോൾ പദ്ധതിയിനത്തിലെ ചെലവ് 36.73% മാത്രമാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരം സംഭവിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ഉണ്ടായ വീഴ്ചയുടെ കാരണം വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പിൻെറ വിഭജനം മൂലമുള്ള പ്രശ്നങ്ങൾ

5499. ശ്രീ.ഇ.പി.ജയരാജൻ

,, രാജു എബ്രഹാം

,, കെ. ദാസൻ

,, ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ രൂപം നൽകിയ ഏകീകൃത കേഡർ നയം ഉപേക്ഷിച്ചത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ദോഷകരമായി മാറി എന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദാംശം വ്യക്തമാക്കുമോ;

(ബി) ഗ്രാമവികസനം , പഞ്ചായത്ത്, നഗരസഭകൾഎന്നിവ തമ്മിൽ വേർപ്പെടുത്തിയതും വകുപ്പുകൾ മൂന്ന് മന്ത്രിമാരുടെ കീഴിലായതും, അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിൽ പരാജയപ്പെട്ടതും ,അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾക്കും വികസനത്തിനും വിഘാതമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം

5500. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ കേരള മിഷനെ ഏത് രീതിയിലാണ് പരിഷ്കരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇത സംബന്ധിച്ച

ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇൻഫർമേഷൻ കേരള മിഷൻ ഇതുവരെ എത്ര സോഫ്റ്റ് വെയറുകൾ ആണ് നിർമ്മിച്ചിരിക്കുന്നത് ; ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സോഫ്റ്റ്‌വെയർ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ; ഇവ എന്ന് പൂർത്തിയാകും എന്ന് വെളിപ്പെടുത്താമോ?

<u>അധികാര വികേന്ദ്രീകരണം</u>

5501. ശ്രീ.എം.എ.ബേബി

,, എളമരം കരീം

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണത്തിന് അനുകൂലമായി കീഴ്ത്തട്ടിൽ ജനകീയ ഐക്യവും പൊതുജനാഭിപ്രായവും വളർത്തിയെടുക്കുന്നതിനു സാധിച്ചിട്ടുണ്ടോ ;ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

<u>വാർഡ് വിഭജനം</u>

5502. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

,, കെ.രാധാകൃഷ്ണൻ

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജന നടപടികൾ പൂർത്തിയായോ;

(ബി) ഇതു സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്നറയിക്കാമോ ;

(സി) വാർഡ് വിഭജനം സംബന്ധിച്ച് വിവിധ തലങ്ങളിൽ നിന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അവ പരിശോധിച്ച് പരിഹാരം കണ്ടെത്തിയ ശേഷം അന്തിമ തീരുമാനം കൈക്കൊള്ളുന്ന നിലപാട് സ്വീകരിക്കുമോ; പരാതികളുടെ പൊതുസ്വഭാവം വിശദമാക്കാമോ?

<u>ധനകാര്യ കമ്മീഷൻ ശിപാർശയും തദ്ദേശ സ്ഥാപനങ്ങളും</u>

5503. ശ്രീ.വി.ശിവൻകുട്ടി

,, എ.എം. ആരിഫ്

,, കെ.സുരേഷ് കുറുപ്പ്

,, കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങൾക്ക് ഇപ്പോൾ ആവശ്യത്തിന് പണം ലഭിക്കുന്നുണ്ടോ;

(ബി) ധനകാര്യ കമ്മീഷന്റെ ശിപാർശയനുസരിച്ചുള്ള മൊത്തം പദ്ധതി അടങ്കലിന്റെ 30% തുക തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ;

(സി) മൊത്തം പദ്ധതി അടങ്കലിൽ നിന്നും എത്ര തുക മാറ്റിവച്ചതിനു ശേഷമുള്ള തുകയാണിപ്പോൾ ലഭിക്കുന്നത്; ഇത് ധനകാര്യ കമ്മീഷൻ ശിപാർശയ്ക്ക് വിരുദ്ധമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഫലത്തിൽ എത്ര ശതമാനം തുകയാണ് ലഭിക്കുന്നതെന്നും ഇതിൽ ഓരോ വർഷവും എത്ര ശതമാനം വീതം ചെലവഴിക്കാൻ സാധ്യമായിട്ടുണ്ടെന്നും വിശദമാക്കുമോ?

ബ്ലോക്ക് പഞ്ചായത്തുകളുടെ പുന:ക്രമീകരണം

5504. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ബ്ലോക്ക് പഞ്ചായത്തുകൾ പുന:ക്രമീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ ആരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് വിജ്ഞാപന പ്രകാരം ബ്ലോക്കുകളുടെ പുന:ക്രമീകരണം നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) നിലവിലുള്ള കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ചെമ്മനാട് ഗ്രാമപഞ്ചായത്തിനെ വിജ്ഞാപന പ്രകാരമുള്ള കാഞ്ഞങ്ങാട് ബ്ലോക്കിലേക്കും നിലവിലുള്ള കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അജാനൂർ പഞ്ചായത്തിനെ വിജ്ഞാപന പ്രകാരമുള്ള പരപ്പ ബ്ലോക്കിലേക്കും മാറ്റുന്നതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ?

തെരുവുനായ ശല്യം

5505. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ ശല്യം നിയന്ത്രിക്കാൻ പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) വളർത്തുനായ്ക്കൾക്ക് ലൈസൻസും സർക്കാർ ചിലവിൽ പ്രതിരോധ കുത്തിവെയ്പിനും മറ്റും സൗകര്യം ഒരുക്കുന്ന കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ;

(സി) പേ പിടിച്ചതും അക്രമകാരികളുമായ നായ്ക്കളെ കൊന്നു കളയുവാൻ നിയമം കൊണ്ടുവരാൻ നടപടി സ്വീകരിയ്ക്കുമോ?

ബജറ്റിൽ വകയിരുത്തിയ തുക

5506. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തെ ബജറ്റിൽ തദ്ദേശസ്വയംഭരണവകുപ്പിന് വേണ്ടി വകയിരുത്തിയ തുകയെത്രയെന്നും ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം വകയിരുത്തിയെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയെത്രയെന്ന് പറയാമോ;

(സി) തുക ചെലവാക്കാതെയുള്ള പദ്ധതികൾ ഉണ്ടോ എന്ന് വ്യക്തമാക്കാമോ ?

വേറ്റിനാട് - പന്തലക്കോട് റോഡിന്റെ ശോചനീയാവസ്ഥ

5507. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽപ്പെട്ട വേറ്റിനാട് പഞ്ചായത്തിലെ വേറ്റിനാട് ജംഗ്ഷനിൽ നിന്നും ദേവിനഗർ വഴി പന്തലക്കോട് പോകുന്ന റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിൻെറ ടാറിങ്ങിനായി തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിൻെറ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

<u>കാസർഗോഡ് ജില്ലയിലെ പുതിയ പഞ്ചായത്തുകൾ</u>

5508. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതുതായി എത്ര പഞ്ചായത്തുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത് ; ഈ പഞ്ചായത്തുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

<u>കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ</u>

5509. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എൻഞ്ചിനീയർ, ഓവർസീയർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകളുണ്ട് ;

(ബി) താൽക്കാലികമായി നിയമനം നേടുന്നവർ പിന്നോക്ക ജില്ലയായ കാസർഗോഡ് വന്ന് ജോലി ചെയ്യാൻ വൈമനസ്യം കാണിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) കാസർഗോഡിന്റെ പ്രത്യേക പരിഗണന വെച്ച് കലക്ടർ ചെയർമാൻ ആയുള്ള ഒരു കമ്മറ്റിക്കു പ്രസ്തുത തസ്തികകൾ ജില്ലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെക്കൊണ്ട് നികത്തുന്നതിന് അനുമതി നൽകുന്നത് പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>കോട്ടയത്തെ കുടുംബശ്രീ ഭക്ഷ്യമേള</u>

5510. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയത്ത് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഒരു ഭക്ഷ്യമേള നടന്നോ ; എങ്കിൽ എന്നാണ് ;

(ബി) പ്രസ്തുത ഭക്ഷ്യമേളയുടെ മേൽനോട്ടം ഐഫ്രം എന്ന തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു പുരുഷ സംഘടനയാണോ നിർവ്വഹിച്ചത് ;

(സി) എങ്കിൽ പ്രസ്തുത സംഘടനയ്ക്ക് ഈയിനത്തിൽ എത്ര തുകയാണ് നൽകിയത് ;

(ഡി) ആയതിന്റെ സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുമോ ;

(ഇ) ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത സംഘടനയ്ക്ക് മേല്പറഞ്ഞ ചുമതല നൽകിയത് എന്ന് വ്യക്തമാക്കുമോ ?

<u>കൊയിലാണ്ടി മണ്ഡലത്തിലെ എൽ. എസ്. ജി. ഡി. ക്ക് കീഴിൽ വരുന്ന പ്രവൃത്തികൾ</u>

5511. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ എൽ. എസ്. ജി. ഡി. ക്ക് കീഴിൽ വരുന്ന LAC-ADS പ്രവൃത്തികളായ ആലിപ്പുറത്ത്- കൻമനത്താഴ റോഡ് (കൊയിലാണ്ടി നഗരസഭ) പയ്യോളി പഞ്ചായത്തിലെ ശ്രീ കുറുംബ ഭഗവതി ക്ഷേത്രം റോഡ് എന്നിവയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും 7540/PWD

/PS2/15 തീ.25/3/15 പ്രകാരം LSGD യിലെ ഏത് സെക്ഷനിലാണ് ഫയലായി എത്തിയത് എന്നും പ്രസ്തുത ഫയൽ (Eഫയൽ) LSGD DA2 സെക്ഷനിൽ നിന്നും നഗരസഭ റോഡുകൾ കൈകാര്യം ചെയ്യുന്ന LSGD DC3 സെക്ഷനിലേക്ക് കൈമാറിയിട്ടുണ്ടായിരുന്നുവോ ; ഉണ്ടെങ്കിൽ പ്രസ്തുത ഫയൽ ട്രാൻസ്ഫറിന്റെ വിവരങ്ങൾ വ്യക്തമാവുന്ന ഇന്റേണൽ റഫറൻസ് നംപർ/ഫയൽ നംപർ വ്യക്തമാക്കാമോ ;

(ബി) LSGD ഡി.സി.3 സെക്ഷനിലെ 8933/DC3/2015 നംപർ ഫയൽ ഒറിജിനേറ്റ് ചെയ്തത് എപ്രകാരമാണ് എന്നത് വ്യക്തമാക്കാമോ ; ഈ ഫയൽ പ്രസ്തുത സെക്ഷനിൽ എന്നാണ് നടപ്പിൽ വന്നത് അഥവാ രജിസ്റ്റർ ചെയ്തത് ; പ്രസ്തുത ഫയലുമായി ബന്ധപ്പെട്ട ഇ ഫയൽ നം 162484/15 ൽ എന്തെല്ലാം രേഖകളാണ് ലഭ്യമായിട്ടുള്ളത് ; ഇ ഫയലിൽ മേൽ പറഞ്ഞ രണ്ട് റോഡുകളുടെയും എസ്റ്റിമേറ്റ് ലഭ്യമാണോ ; PWD യിൽ നിന്നും സമർപ്പിച്ച റഫറൻസ് പ്രസ്തുത ഇ ഫയലിൽ വായിക്കാൻ കഴിയുന്നതാണോ ; വിശദമായി വ്യക്തമാക്കാമോ ;

(സി) ഈ രണ്ട് റോഡുകൾക്കും A.S.നൽകുന്നതിനുള്ള ധനകാര്യാനുമതി ഫിനാൻസ് NCC2 സെക്ഷനിൽ നിന്നും LSGD DA2 സെക്ഷനിൽ ലഭിച്ചിരുന്നുവോ ; പ്രസ്തുത ഫിനാൻഷ്യൽ കൺകറൻസ് ലഭിച്ചിട്ടും LSGD DA2 സെക്ഷനിൽ പഞ്ചായത്ത് അധീനതയിൽ ഉള്ള റോഡുമാത്രമെ കൈകാര്യം ചെയ്യുന്നുള്ളൂ, നഗരസഭയുടെ പരിധിയിലുള്ള റോഡ് LSGD DC3 സെക്ഷനിലാണ് നടപടികൾ സ്വീകരിക്കുന്നത് എന്നതിനാൽ രണ്ട് റോഡുകൾക്കും ഫിനാൻഷ്യൽ കൺകറൻസ് നൽകിയ ധനകാര്യവകുപ്പിലെ നടപടി ഭേദഗതി വരുത്തി പുതുക്കി നൽകണമെന്നാവശ്യപ്പെട്ട് DA2 സെക്ഷനിൽ നിന്നും ഫയൽ ഫിനാൻസ് NCC2 സെക്ഷനിലേക്ക് പുനസമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഫയലിന്റെ പരിപൂർണ്ണ പകർപ്പ് (നോട്ട് ഫയൽ, കറണ്ട് ഫയൽ നടപടിക്രമങ്ങൾ മുതലായ മുഴുവൻ രേഖകളും) ലഭ്യമാക്കാമോ ;

(ഡി) രണ്ടു റോഡുകളുടെയും ഫിനാൻഷ്യൽ കൺകറൻസ് LSGD DC2 സെക്ഷനിൽ ലഭിച്ച സ്ഥിതിക്ക് DC3 യുമായി ബന്ധപ്പെട്ട കൺകറൻസ് ഇ ഫയലിലൂടെ DC3 സെക്ഷനിലേക്ക് ഇന്റേണൽ റഫറൻസിലൂടെ നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടായിരുന്നുവോ ; വിശദമാക്കുമോ ;

(ഇ) LSGD DC3 സെക്ഷനിൽ ഫയൽ ലഭിച്ചിട്ട് ഇപ്പോൾ എത്ര ദിവസമായി എന്നും ഇതുവരെ എന്ത് നടപടികൾ സ്വീകരിച്ചു എന്നും വിശദമായി വ്യക്തമാക്കാമോ ; ഈ ഫയലിൽ നടപടികൾ മുന്നോട്ട് നീങ്ങുന്നതിൽ വളരെയധികം കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അടിയന്തരമായി ഫയലിൽ തീരുമാനമായി അഡീഷണൽ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കാൻ എത്ര ദിവസം വേണ്ടിവരും എന്ന് വ്യക്തമാക്കാമോ ?

<u>മാവേലിക്കര വള്ളികുന്നം പഞ്ചായത്തിലെ ആസ്തി വികസന പദ്ധതി.</u>

5512. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര വള്ളികുന്നം പഞ്ചായത്തിലെ അയ്യൻകാളി സാംസ്കാരിക നിലയത്തിന് ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് എം.എൽ.എ. നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായെങ്കിലും നാളിതുവരെയും ടെൻഡർ നടപടികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടി വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

## പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ

5513. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 200-ലേറെ പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ നികത്തുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) ഇവരുടെ ഒഴിവുകളിലേക്ക്പ്രൊമോഷൻ എന്ന് നടത്താനാകും ;

(സി) പഞ്ചായത്ത് തെരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ പ്രസ്തുത പ്രൊമോഷൻ നടത്താത്തത് ഗുരുതരമായ വീഴ്ചയല്ലേ?

## പഞ്ചായത്ത് മെമ്പർമാർക്ക് സഹായികൾ

5514. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് മെമ്പർമാർക്ക് സഹായികളായി ആളുകളെ നിയമിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങളും സഹായികളുടെ ചുമതലകളും വെളിപ്പെടുത്തുമോ?

## ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ മാമ്പകുളം വാട്ടർ സ്റ്റേഡിയം

5515. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിൽ എം.എൽ.എ.യുടെ മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ മാമ്പകുളം വാട്ടർ സ്റ്റേഡിയത്തിന്റെ ഭരണാനുമതി, സാങ്കേതികാനുമതി, എഗ്രിമെന്റ് തീയതി എന്നിവ എന്നാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് ഈ എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ചതെന്നും പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്തെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികളുടെ സ്കെച്ച്, പ്ലാൻ എന്നിവ ലഭ്യമാക്കാമോ ; എന്നേക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

## കുടുംബശ്രീ പ്രവർത്തകർക്ക് മാധ്യമ പരിശീലനം

5516. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ പ്രവർത്തകരെ ജേർണലിസം പഠിപ്പിച്ച് അച്ചടി-ദൃശ്യ മാധ്യമങ്ങളിലെ ലേഖികമാരാക്കാൻ വേണ്ടി സർക്കാർ നിയോഗിച്ചിരിക്കുന്ന കോഴിക്കോട്ടെ സൗത്ത് ഏഷ്യൻ കോളേജ് എന്ന സ്ഥാപനം എന്നാണ് ആരംഭിച്ചതെന്നും, പ്രസ്തുത സ്ഥാപനത്തിന് മാധ്യമ പരിശീലനരംഗത്ത് എത്ര കാലത്തെ പരിചയമുണ്ട് എന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ അധ്യാപകരുടെ പേരുകൾ, വിദ്യാഭ്യാസയോഗ്യതകൾ, പ്രവർത്തന പരിചയം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പരിശീലന പരിപാടിക്കായി ഈ സ്ഥാപനത്തിന് നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്നും, ആയതിന്റെ ഉത്തരവുകൾ സഹിതമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ ?

നിർമ്മൽ ഭാരത് അഭിയാൻ

5517. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മൽ ഭാരത് അഭിയാൻ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഖര ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓരോ വർഷവും ലഭിച്ച തുകയെത്ര ; അതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചു ;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന വിഹിതം എപ്രകാരമാണ് ; അതിനായി സംസ്ഥാനം ഓരോ വർഷവും എത്ര തുക നീക്കിവച്ചു ; എത്ര രൂപ ചെലവഴിച്ചു ?

പള്ളിച്ചൽ പഞ്ചായത്ത് വനിതയെ ശല്യക്കാരിയായി പ്രഖ്യാപിച്ചത്

5518. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി.വിജിത എന്ന വനിതയെ ശല്യക്കാരിയായി പ്രഖ്യാപിക്കുവാൻ തീരുമാനമെടുത്ത പള്ളിച്ചൽ പഞ്ചായത്തിനെതിരെ സർക്കാരിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ആരെയെങ്കിലും ശല്യമായി പ്രഖ്യാപിക്കുവാൻ പഞ്ചായത്തുകൾക്ക് നിയമപരമായ അവകാശമുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നിയമവിരുദ്ധമായ നടപടിക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

സംസ്ഥാനത്തെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ക്ഷേമനിധി

5519. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് നിയമം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

ദുരന്തനിവാരണ സമിതികൾ

5520. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ദുരന്തനിവാരണ സമിതികൾ രൂപീകരിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ദുരന്ത നിവാരണ സമിതികളുടെ രൂപീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ആലപ്പുഴ ജില്ലയിൽ ദുരന്തനിവാരണ സമിതികൾ രൂപീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

തീപ്പലിശ്ശേരി സെന്റർ - പള്ളിക്കുളം - ചിറമനേങ്ങാട് തങ്കമണി സെന്റർ റോഡ് വീതികൂട്ടി ടാറിംഗ്

5521. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 - ലെ ആസ്തിവികസന സ്കീമിൽ നിന്നും 30 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതും എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതലയുള്ളതുമായ തീപ്പലിശ്ശേരി സെന്റർ-പള്ളിക്കുളം-ചിറമനേങ്ങാട് തങ്കമണി സെന്റർ റോഡ് വീതികൂട്ടി ടാറിംഗ് ചെയ്യുന്ന പ്രവർത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ബി) ഈ പ്രവൃത്തി ടെണ്ടർ എടുത്തതും എഗ്രിമെന്റ് വച്ചതും എന്നാണ് ;

(സി) തകർന്ന് ഗതാഗത യോഗ്യമല്ലാതായ ഈ റോഡിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ?

മാലിന്യവിമുക്ത കേരളം

5522. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ മുക്തമാക്കാനായി ഈ സർക്കാർ 2011 മുതൽ 2015വരെ ഓരോ വർഷവും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി ; ഇതിനായി ഓരോ വർഷവും നീക്കിവച്ച തുകയെത്രയാണ് ; ഓരോ വർഷവും ലഭിച്ച കേന്ദ്ര സഹായം എത്രയാണ് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതിനായി എന്തെങ്കിലും വിദേശസഹായമോ മറ്റു സഹായങ്ങളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ലഭിച്ച തുക എത്രയാണ് ; മാലിന്യവിമുക്ത കേരളത്തിനായി ഓരോവർഷവും ചെലവാക്കിയ തുക എത്രയാണ് ;

(സി) ;

ഇൻഫർമേഷൻ കേരള മിഷന് അംഗത്വ ഫീസും വരിസംഖ്യയും നൽകുന്നതു സംബന്ധിച്ച്

5523. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ ഇൻഫർമേഷൻ കേരള മിഷന് അംഗത്വ ഫീസും വരിസംഖ്യയും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശം സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിൻെറ പകർപ്പ് ലഭ്യമാക്കുമോ;

ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർ

5524. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ (IKM) സ്വയംഭരണ സ്ഥാപനമായത് ഏത് തീയതി മുതലാണ് എന്ന് അറിയിക്കുമോ;

(ബി) എത്ര ജീവനക്കാരാണ് ഐ.കെ.എം- ൽ ഇപ്പോൾ ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) 10 വർഷത്തിൽ കൂടുതൽ ജോലിചെയ്യുന്നവരെത്രയെന്നും ഇതിൽ എഞ്ചിനീയറിംഗ് ബിരുദം നേടിയവരെത്രയെന്നും അവരുടെ പേരു വിവരവും വെളിപ്പെടുത്തുമോ ;

(ഡി) ഐ.കെ.എം-ലെ ജീവനക്കാരുടെ വേതന പരിഷ്കരണം എന്നുമുതൽ നടപ്പിലാക്കും എന്ന് വ്യക്തമാക്കുമോ ?

തെരുവുനായ്ക്കളെ കൊല്ലുന്നതിന് നടപടി

T 5525. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കഴിഞ്ഞ ജൂൺ മാസം മാത്രം 25000 (ഇരുപത്തയ്യായിരം) പേരെ നായ്ക്കൾ കടിച്ച് മുറിവേൽപ്പിച്ച സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മനുഷ്യജീവന് ഭീഷണിയായ നായ്ക്കളെ അടിന്തരമായി കൊല്ലുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; ഇല്ലെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ; പഞ്ചായത്തുകളിലെ ഉന്നത ഉദ്യോഗസ്ഥർക്ക് ഇതിനാവശ്യമായ ഉത്തരവുനൽകി അടിന്തര നടപടികൾ സ്വീകരിക്കുമോ?

(സി) നായ്ക്കളെ വീട്ടിൽ വളർത്തുന്നതിന് ആവശ്യമായ ലൈസൻസുകളും, പരിശോധനകളും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

പഞ്ചായത്തുകളുടെ പ്രവർത്തനം

5526. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പ്രവർത്തനത്തിൽ പുതിയ പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പഞ്ചായത്തുകളിൽ വാർഡ് തലത്തിൽ ഫെസിലിറ്റേറ്റർമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) പഞ്ചായത്ത് വകുപ്പിൽ എത്ര ഒഴിവുകളുണ്ടെന്ന് ജില്ലയും, തസ്തികയും തിരിച്ചുള്ള വിശദവിവരങ്ങൾ നൽകാമോ;

(ഡി) പഞ്ചായത്ത് ഓഫീസുകളുടെ പ്രവർത്തനത്തിന് കുടുംബശ്രീയെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിലാണെന്ന് വിശദമാക്കാമോ?

കുടുംബശ്രീമിഷൻ പദ്ധതികൾ നടപ്പിലാക്കുവാൻ സ്വകാര്യ സംഘടനകൾക്ക് അനുവാദം നൽകുന്നത്

5527. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കുടുംബശ്രീമിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതികളുടെ നിർവ്വഹണം, സംഘാടനം എന്നിവ നടത്തുന്നതിലേയ്ക്ക് കേരള പീപ്പിൾസ് ഫോറം (കെ.പി.എഫ്) എന്ന സംഘടനയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) കുടുംബശ്രീയുമായി മേൽപ്പറഞ്ഞ സംഘടനയ്ക്ക് എന്തെങ്കിലും ബന്ധമുണ്ടോ; ഈ സംഘടന

കുടുംബശ്രീയുമായി ബന്ധപ്പെട്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യവ്യക്തികൾ രൂപം നൽകുന്ന സംഘടനകൾക്കോ, മറ്റ് സ്ഥാപനങ്ങൾക്കോ കുടുംശ്രീ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ അനുവാദം നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) കൊല്ലം ജില്ലയിൽ കെ.പി.എഫ് എന്ന സംഘടന കുടുംബശ്രീയുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണം നടത്തുന്നുവെന്ന പ്രചരണം ശ്ശദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>പഞ്ചായത്തുകളിൽ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

5528. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1988 ന് മുമ്പ് ജനിച്ചവർക്ക്പഞ്ചായത്തുകളിൽ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ജനന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധനയുണ്ടോ ;

(ബി) എങ്കിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഇതൊഴിവാക്കുവാനും സ്കൂൾ സർട്ടിഫിക്കറ്റ് മാത്രം ഹാജരാക്കുവാനുമുള്ള ഉത്തരവിനായി നടപടി സ്വീകരിക്കുമോ?

(സി)

<u>പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ പൊതു ഇലക്ട്രിക് ശ്മശാനം</u>

5529. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ കാനാറയിൽ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പൊതു ഇലക്ട്രിക് ശ്മശാനം നിർമ്മിക്കുന്നുണ്ടോ;

(ബി) എങ്കിൽ നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്നും ഇതിനായി എന്ത് തുക ചെലവഴിക്കുന്നുണ്ടെന്നും ആരാണ് കരാർ ഏറ്റെടുത്തിരിക്കുന്നതെന്നും വിശദമാക്കാമോ?

<u>ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികൾ</u>

5530. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ നാളിതുവരെ ഗ്രാമപഞ്ചായത്തുകൾ വഴി എത്ര കോടി രൂപയുടെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) 2014-15 വർഷത്തെ ബഡ്ജറ്റിൽ ഗ്രാമപഞ്ചായത്തുകൾക്കായി വകയിരുത്തിയതിന്റെ എത്ര ശതമാനം ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

<u>ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറി തസ്തികകൾ</u>

5531. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിലെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തസ്തികയും സീനിയർ സൂപ്രണ്ട് തസ്തികയും പരസ്പരം മാറാവുന്ന തരത്തിലുള്ളതാണോ ;

(ബി) ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തസ്തിക, സീനിയർ സൂപ്രണ്ട് തസ്തികയുടെ താഴെയുള്ള തസ്തികയായി

മാറ്റാൻ എന്തെങ്കിലും നിർദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ അതിലുള്ള അഭിപ്രായം വ്യക്തമാക്കാമോ ;

(സി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഉണ്ടാകുന്നതിനുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഡയറക്ടറുടെ അഭിപ്രായം എന്തെന്ന് അറിയിക്കുമോ?

<u>ജനപ്രതിനിധികൾക്കും മുൻ അംഗങ്ങൾക്കും ക്ഷേമപദ്ധതി</u>

5532. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും മുൻ അംഗങ്ങൾക്കുമായി എന്തെങ്കിലും ക്ഷേമപദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

(ബി) തദ്ദേസ്വയംഭരണ സ്ഥാപനങ്ങിലെ ജനപ്രതിനിധികളുടെ അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ; ജനപ്രതിനിധികൾക്ക് പെൻഷൻ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

<u>മിഷൻ **676**</u>

5533. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിലെ വികസന മുന്നേറ്റം ലക്ഷ്യം വച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പിൽ വരുത്തി എന്ന് വിശദമാക്കാമോ;

(ബി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞോ എന്നും ഏതൊക്കെ പദ്ധതികൾ ഇപ്പോൾ പ്രസ്തുത വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്നു എന്നും വിശദീകരിക്കാമോ?

<u>ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ അംഗൻവാടികൾ</u>

5534. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ആകെ എത്ര അംഗൻവാടികളുണ്ടെന്നും ഇതിൽ എത്ര അംഗൻവാടികൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്നും അല്ലാത്തവ ഏതെല്ലാമാണെന്നും പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കുമോ?

<u>കുന്നംകുളം നിയോജകമണ്ഡലത്തിൽ വികലാംഗർക്ക് മുച്ചക്രവാഹനം</u>

5535. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് മുച്ചക്രവാഹനം ലഭ്യമാക്കുന്ന പദ്ധതി പ്രകാരം കുന്നംകുളം നിയോജകമണ്ഡലത്തിൽ ഇതേ വരെ എത്ര വികലാംഗർക്ക് മുച്ചക്ര വാഹനം ലഭ്യമാക്കിയിട്ടുണ്ട് ;

(ബി) ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ?

<u>ഐ.സി.ഡി.എസ് പദ്ധതിയിൻ കീഴിൽ ഒഴിവുള്ള തസ്തികകൾ</u>

5536. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ് പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് പ്രോജക്ട് ഓഫീസർ, ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ, അംഗൻവാടി വർക്കർ, അംഗൻവാടി ഹെൽപ്പർ എന്നിവരുടെ എത്ര വീതം അനുവദിക്കപ്പെട്ട തസ്തികകളും ഒഴിവുകളും ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ഒഴിവുകൾ ഉണ്ടെങ്കിൽ അത് നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) വിവിധ തസ്തികകളിൽ നിരവധി ഒഴിവുകൾ നിലനിൽക്കുന്നതുമൂലം ഐ.സി.ഡി.എസ് പദ്ധതിയുടെ നിർവ്വഹണവും മോണിറ്ററിങ്ങും ഫലപ്രദമായി നടക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

<u>വി കെയർ പദ്ധതി</u>

5537. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച വി കെയർ പദ്ധതി സംസ്ഥാനത്തു നടപ്പിലാക്കി തുടങ്ങിയോ ;

(ബി) ഇതിനോടകം വി കെയർ പദ്ധതിയിലേയ്ക്ക് എത്ര തുക സമാഹരിക്കുവാൻ കഴിഞ്ഞു ;

(സി) വി കെയർ പദ്ധതി മുഖേന ഏതെല്ലാം രോഗങ്ങളുടെ ചികിത്സകൾക്കാണ് ധനസഹായം നൽകുന്നത് ;

(ഡി) വി കെയർ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ബാല പീഡന കേസുകൾ</u>

5538. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ബാല പീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിലുള്ള പിഡന കേസുകൾ നിയന്ത്രിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>കേരള സംസ്ഥാന വനിതാ കമ്മീഷൻ അദാലത്തുകൾ</u>

5539. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വനിതാ കമ്മീഷനിൽ 2011-2012, 2012-2013, 2013-2014, 2014-2015 വർഷങ്ങളിൽ ലഭിച്ച പരാതികളിൽ ഓരോ വർഷവും എത്ര പരാതികളിൽ തീർപ്പ കൽപ്പിക്കുകയുണ്ടായി;

(ബി) പ്രസ്തുത വർഷങ്ങളിൽ വനിതാ കമ്മീഷൻ ഓരോ ജില്ലയിലും എത്ര അദാലത്തുകൾ നടത്തുകയുണ്ടായി;

(സി) ഓരോ ജില്ലയിലും ഓരോ വർഷവും ഓരോ അദാലത്തിലും എത്ര പരാതികൾ ലഭിക്കുകയുണ്ടായി; എന്നു വ്യക്തമാക്കുമോ;

<u>അനാഥ മന്ദിരങ്ങൾ</u>

5540. **ശ്രീമതി.ഇ.എസ്.ബിജിമോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ അധീനതയിൽ എത്ര അനാഥാലയങ്ങൾ ഉണ്ട്;വ്യക്തമാക്കാമോ;

(ബി) മതസ്ഥാപനങ്ങൾ, എൻ.ജി.ഒ. കൾ, വ്യക്തികൾ എന്നിവയുടെ കീഴിൽ പ്രവർത്തിക്കുന്നവ എത്ര;

(സി) അനാഥ മന്ദിരങ്ങൾ നടത്തുന്നതിന് നിലവിൽ ഏത് സ്ഥാപനമാണ് അംഗീകാരം നൽകുന്നത്;

(ഡി) അനാഥ മന്ദിരങ്ങളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള കുട്ടികളെ പ്രവേശിപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(എഫ്) അനാഥ മന്ദിരങ്ങളിൽ അന്യ സംസ്ഥാനക്കാരായ എത്ര കുട്ടികൾ ഇപ്പോൾ താമസിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

<u>വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ</u>

5541. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ വാടകകുടിശ്ശിക ഒടുക്കാത്തത് കാരണം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അങ്കണവാടികളെ സ്വന്തം കെട്ടിടങ്ങളിലേക്കു മാറ്റി സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത അങ്കണവാടികളുടെ വാടക കുടിശ്ശിക അടിയന്തിരമായി തീർപ്പാക്കി സുഗമമായ നടത്തിപ്പിന് ആവശ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ?

<u>വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ</u>

5542. **ശ്രീ.ലൂഡി ലൂയിസ്**

**,,** ഐ.സി.ബാലകൃഷ്ണൻ

**,,** ഡൊമിനിക് പ്രസന്റേഷൻ

**,,** വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

<u>ബിരുദ ബിരുദാനന്തര വിദ്യാർത്ഥികളെ 'സ്നേഹപൂർവ്വം' പദ്ധതിയിൽ ഉൾപ്പെടുത്തൽ</u>

5543. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്നേഹപൂർവ്വം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും അപേക്ഷ സമർപ്പിക്കേണ്ട വിധവും സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) സർക്കാർ/എയ്ഡഡ് കോളേജുകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകളിൽ ചേർന്ന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുന്നതിന് തടസ്സം ഉണ്ടോ;

(സി) ബിരുദ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികളെ കൂടി സ്നേഹപൂർവ്വം പദ്ധതിയിൽ

ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

<u>ഭിന്ന ലിംഗക്കാരുടെ പ്രശ്നങ്ങൾ</u>

5544. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്ന ലിംഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നയം രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരക്കാരുടെ ജില്ലതിരിച്ചുള്ള എണ്ണം ലഭ്യമാണോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

<u>മാതൃക അംഗൻവാടികൾ</u>

5545. **ശ്രീ.സി.പി.മുഹമ്മദ്**

**,, ഷാഫി പറമ്പിൽ**

**,, സണ്ണി ജോസഫ്**

**,, എം.പി.വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃക അംഗൻവാടികൾ നിർമ്മിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

<u>മാതൃകാ അങ്കണവാടിക്ക് പുതിയ കെട്ടിടം</u>

5546. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേലൂർ പഞ്ചായത്തിലെ 15-ാം വാർഡിൽ 114-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കി നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി ബ്ലോക്കിൽ ഉൾപ്പെട്ടതും കൊടകര പഞ്ചായത്തുൾപ്പെടുന്ന പുതുക്കാട് ബ്ലോക്കിലേയും ഏതെല്ലാം അങ്കണവാടികൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ?

<u>മാതൃകാ അംഗൻവാടികൾ</u>

5547. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ എത്ര അംഗൻവാടികളാണ് ഉള്ളത്; ഇതിൽ എത്ര അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്; വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര അംഗൻവാടികൾ ഉണ്ട്;

(ബി) മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുന്നതിന് അമ്പലപ്പുഴ ബ്ലോക്കിൽ നിന്നും എത്ര അംഗൻവാടികളെ തെരഞ്ഞെടുത്തു; അവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ?

<u>മാനസിക രോഗികളായവർക്കുള്ള പെൻഷൻ പദ്ധതി</u>

5548. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസിക രോഗികളായവർക്കുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കിത്തുടങ്ങിയോ;

(ബി) എങ്കിൽ പ്രതിമാസ പെൻഷൻ തുക എത്രയാണെന്ന് പറയാമോ;

(സി) പ്രസ്തുത പെൻഷൻ പദ്ധതിയെ സംബന്ധിച്ച ഉത്തരവുകളും പദ്ധതി വിശദാംശങ്ങളും ലഭ്യമാക്കുമോ?

ചേലക്കര മണ്ഡലത്തിലെ അങ്കണവാടികൾ

5549. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയും, കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾക്ക് ഇവ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ചേലക്കര നിയമസഭാ മണ്ഡലത്തിൽ എത്ര അംഗൻവാടികൾ ഉണ്ടെന്നും, അതിൽ സ്വന്തമായി ഭൂമിയും കെട്ടിടവും ഉള്ളവ എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിലെ എല്ലാ അംഗൻവാടികൾക്കും സ്വന്തമായി സ്ഥലവും, കെട്ടിടവും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഡബ്ല്യൂ ബി എൻ പി പ്രകാരമുള്ള അലോട്ട്മെന്റ്

5550. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡബ്ല്യൂ ബി എൻ പി (Wheat Based Nutrition Programme) പ്രകാരം സംസ്ഥാനത്തിന് 2014-15 വർഷത്തിൽ എത്ര ടൺ അരി, ഗോതമ്പ് എന്നിവ അലോട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽപറഞ്ഞ പ്രകാരം ലഭിച്ച ധാന്യങ്ങളിൽ എത്ര ടൺ വീതം അരിയും ഗോതമ്പും എഫ് സി ഐ യിൽ നിന്നും എടുത്തിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) ഇതു പ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യം ഏതു രീതിയിലാണ് സംസ്ഥാനത്ത് വിനിയോഗിക്കുന്നതെന്ന് അറിയിക്കുമോ ?

നിർഭയ പദ്ധതി

5551. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർഭയ പദ്ധതി നടപ്പിലാക്കുന്നതിന് ആകെ എത്ര തുക 2014-2015 -ൽ വകയിരുത്തുകയുണ്ടായി;

(ബി) കേന്ദ്ര വിഹിതമായി നിർഭയ പദ്ധതി നടത്തിപ്പിന് 2014-2015 -ൽ എത്ര തുക ലഭിക്കുകയുണ്ടായി;

(സി) നിർഭയ പദ്ധതി പ്രകാരം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം;

(ഡി) 2014-2015 -ൽ നിർഭയ പദ്ധതിയിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

അശരണരും അഗതികളുമായവരുടെ ഉന്നമനത്തിനു ധനസഹായം

5552. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുടനീളം കടവരാന്തകളിലും മറ്റു പൊതുസ്ഥലങ്ങളിലും അന്തിയുറങ്ങുന്നവരുമായിട്ടുള്ളവരും അനാശാസ്യ പ്രവർത്തനങ്ങൾക്കും മറ്റു ഹീനകൃത്യങ്ങൾക്കും വിധേയരാകേണ്ടിവരുന്നതുമായ നാടോടി സ്ത്രീകൾ/കുട്ടികൾ, തദ്ദേശവാസികളായവരും കുടുംബങ്ങളിലെ മക്കളാൽ ഉപേക്ഷിക്കപ്പെട്ട വാർദ്ധക്യാവസ്ഥ യിലുള്ള മാതാപിതാക്കൾ തുടങ്ങിയവരും സംസ്ഥാനത്തുടനീളം കൂടിവരുന്നത് സാമൂഹ്യനീതിവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓരോ വിഭാഗത്തിലും 2011 മുതൽ 2015 വരെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടവർ എത്ര എന്നും എന്തു സഹായം നൽകി എന്നും വ്യക്തമാക്കാമോ;

(ബി) ഇതിനായി സാമൂഹ്യനീതി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന 'എന്റെ കൂട്' പദ്ധതി വഴി എന്തു നടപടി സ്വീകരിച്ചുവെന്നും 2011 മുതൽ വർഷം തിരിച്ചും ജില്ല തിരിച്ചും വിശദാംശം ലഭ്യമാക്കുമോ;

(സി) സാമൂഹ്യനീതിവകുപ്പ് ഇതിനായി സംസ്ഥാന ഫണ്ടുകൾ/കേന്ദ്രസഹായങ്ങൾ/വിദേശസഹായങ്ങൾ ഉപയോഗിച്ചിട്ടുണ്ടോ എന്നും എങ്കിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും ലഭിച്ച തുക എത്ര; (വിഭാഗം തിരിച്ച്) ചെലവാക്കിയ തുക എത്ര; എന്തു പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവാക്കി; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത്തരത്തിൽ വിവിധ വിഭാഗങ്ങളിൽ നിന്നും സാമൂഹ്യനീതി വകുപ്പ് കണ്ടെത്തിയവരിൽ മാനസികരോഗം ഉൾപ്പെടെ വിവിധ രോഗികളും വാഹകരുമായി കണ്ടെത്തിയവർ (2011 മുതൽ 2015വരെ) എത്ര; എന്തു നടപടി വകുപ്പ് സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ഇ) ഇപ്പോഴും (2015 ജൂലായ് 1) ഇത്തരം വിഭാഗങ്ങളിൽപ്പെട്ടവർ തലസ്ഥാന നഗരിയിലും സംസ്ഥാനത്തുടനീളമുള്ളവരേയും കണ്ടെത്താനും അവർക്ക് ചികിത്സയും പുനരധിവാസവും ഉറപ്പുവരുത്താനും ഈ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>നെന്മാറ നിയോജകമണ്ഡലത്തിലെ അംഗൻവാടികൾ</u>

5553. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത എത്ര അംഗൻവാടികളാണ് പ്രവർത്തിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം ലഭിക്കുന്നതിനായി വകുപ്പുതലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ?

<u>ഭിക്ഷാടന നിരോധനം</u>

5554. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരപാതയോരങ്ങളിലും, റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിലും കൈക്കുഞ്ഞുമായുള്ള സ്ത്രീകളുടെ ഭിക്ഷാടനവും ബാലഭിക്ഷാടനവും വർദ്ധിച്ചു വരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭിക്ഷാടനം നടത്തുന്ന തെരുവ് സ്ത്രീകളുടെ കൈകളിലുള്ള കുട്ടികളെ മയക്കി കിടത്തുന്നതിന് ലഹരി വസ്തുക്കൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഭിക്ഷാടനം ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കാമോ ?

<u>ജുവനൈൽ ഹോമുകളുടെ പ്രവർത്തനം</u>

5555. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജുവനൈൽ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) 100 ൽ കൂടുതൽ കുട്ടികളുള്ള എത്ര ജുവനൈൽ ഹോമുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം ജുവനൈൽ ഹോമുകളിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ജുവനൈൽ ഹോമുകളിൽ സ്റ്റാഫ് പാറ്റേൺ പുന: ക്രമീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ?

<u>അങ്കണവാടി ജീവനക്കാർ.</u>

5556. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുച്ഛമായ വേതനത്തിൽ ജോലി നോക്കിവരുന്ന അങ്കണവാടി ജീവനക്കാരുടെ അധികജോലി ഒഴിവാക്കി കുട്ടികളുടെ സംരക്ഷണചുമതലയ്ക്ക് കൂടുതൽ സമയം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(ബി) അങ്കണവാടി ജീവനക്കാർക്ക് സ്ഥലംമാറ്റത്തിന് നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുമോ?

<u>വയോമിത്രം പദ്ധതി</u>

5557. **ശ്രീ.പി.എ.മാധവൻ**

**,, ആർ . സെൽവരാജ്**

**,, വി.പി.സജീന്ദ്രൻ**

**,, എം.എ. വാഹീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോമിത്രം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>സ്പെഷ്യൽ ടീച്ചർ.</u>

5558. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ എത്ര സ്പെഷ്യൽ ടീച്ചർമാർ ജോലി ചെയ്യുന്നുണ്ട് ;

(ബി) പ്രസ്തുത സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കുന്നതിനു സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്പെഷ്യൽ ടീച്ചർമാർ എന്തെല്ലാം സേവനങ്ങളാണ് ഈ ക്ഷേമ സ്ഥാപനങ്ങളിൽ നൽകിവരുന്നതെന്നു വെളിപ്പെടുത്തുമോ ;

<u>പ്രൊബേഷൻ ഓഫീസർമാരുടെ ചുമതലകൾ</u>

5559. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊബേഷൻ ഓഫീസർമാരുടെ ചുമതലകൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് ആകെ എത്ര പ്രൊബേഷൻ ഓഫീസർമാരുടെ തസ്തികകൾ ഉണ്ട്;

(സി) ജില്ലാ പ്രൊബേഷൻ ഓഫീസർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു; ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

<u>കുടുംബശ്രീ പ്രവർത്തകരുടെ പരിശീലനം</u>

5560. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അംഗങ്ങൾക്ക് വിവിധ സംരംഭങ്ങൾ തുടങ്ങുവാൻ പരിശീലനം നൽകുന്നതിനായി സംസ്ഥാന കുടുംബശ്രീ മിഷൻ നൽകുന്ന തുക എത്രവീതമാണെന്നു വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ പരിശീലനം ലഭിച്ചവരിൽ എത്ര ശതമാനം പേർ യൂണിറ്റുകൾ തുടങ്ങി എന്നും അവരുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

<u>എടവനക്കാട് നിരാലംബർക്കുള്ള അഭയകേന്ദ്രം</u>

5561. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃദ്ധരും നിരാലംബരുമായവരെ പരിപാലിക്കുന്നതിനും അഭയം നൽകുന്നതിനുമായി എടവനക്കാട് പ്രൈമറി ഹെൽത്ത് സെന്ററിനോട് അനുബന്ധമായി ആരംഭിച്ച കേന്ദ്രത്തിൽ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ എത്ര പേർക്ക് പ്രവേശനം നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രത്തിന്റെ ചുമതല ആർക്കെന്നും ആകെയുള്ള സ്റ്റാഫിന്റെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) രോഗാതുരരായവർക്ക് പ്രസ്തുത കേന്ദ്രത്തിൽ പ്രവേശനം നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

<u>അംഗൻവാടി ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ</u>

5562. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിനു കീഴിൽ 30 വർഷം വരെയുള്ള കാലയളവിൽ അംഗൻവാടി ജീവനക്കാരായി ജോലി ചെയ്ത് വിരമിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത് എന്ന് അറിയിക്കാമോ ;

(ബി) ഇവർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>സാമൂഹ്യനീതി വകുപ്പിലെ വികസന പ്രവർത്തനങ്ങൾ</u>

5563. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹ്യനീതി വകുപ്പിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിവരിയ്ക്കുമോ;

(ബി) ഇതിലേയ്ക്കായി ഓരോ വർഷവും ചെലവാക്കിയ തുക എത്രയെന്ന് വിശദമാക്കുമോ?

<u>സാമൂഹ്യനീതി വകുപ്പിൽ സ്പോർട്സ് ക്വാട്ട നിയമനം</u>

5564. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ക്വാട്ടയിൽ സാമൂഹ്യനീതി വകുപ്പിൽ എത്ര പേർക്ക് ഈ വർഷം നിയമനം നൽകിയിട്ടുണ്ടെന്നും എവിടെയാണ് നിയമിച്ചതെന്നും വിശദമാക്കാമോ;

(ബി) നിയമനം ലഭിച്ചവർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ലിസ്റ്റിലുള്ള മറ്റുള്ളവരെ പരിഗണിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>സാമൂഹ്യനീതി വകുപ്പിന്റെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</u>

5565. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ 2014 - 15 മാർച്ച് 31നുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം പദ്ധതി ഇനത്തിൽ 53.68% മാത്രമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം സംഭവിക്കാനുണ്ടായ കാരണം വിശദമാക്കുമോ ;

<u>ശ്രുതിമാധുരം</u>

5566. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ആനുകൂല്യം ഇതുവരെ ലഭ്യമായവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്കായി ഇതു വരെ എത്ര തുക വിനിയോഗിച്ചെന്ന് വിശദമാക്കാമോ;

(സി) സാമൂഹ്യസുരക്ഷാ മിഷൻ മുഖേന ഭിന്നശേഷിയുള്ളവർക്കായി നൽകുന്ന ചികിത്സാ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>വികലാംഗക്ഷേമ പെൻഷൻ</u>

5567. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വികലാംഗക്ഷേമ പെൻഷൻ കൈപ്പറ്റുന്ന എത്ര പേരുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) വികലാംഗക്ഷേമപെൻഷൻ കൈപ്പറ്റുന്ന എത്ര പേർക്ക് പെൻഷൻ കുടിശ്ശിക നൽകാനുണ്ടെന്ന് വിശദമാക്കാമോ ?

<u>പാലിയേറ്റീവ് കെയർനെഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ</u>

5568. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലിയേറ്റീവ് (സാന്ത്വന പരിചരണം) പരിചരണ പദ്ധതി യിൽ ഏർപ്പെട്ടിരിക്കുന്ന കെയർ നെഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പാലിയേറ്റീവ് നെഴ്സുമാരുടെ തെരഞ്ഞെടുക്കലും ഇവരുടെ ജോലി സംബന്ധമായ വിഷയങ്ങളും വ്യക്തമാക്കാമോ ; സംസ്ഥാനത്ത് ഇത്തരത്തിൽ എത്ര പേർ ജോലി ചെയ്തുവരുന്നു എന്നറിയിക്കാമോ ;

(സി) പാലിയേറ്റീവ് നെഴ്സുമാർക്കു പഞ്ചായത്തിൽ നിന്നും മാസംതോറും ശമ്പളം കൃത്യമായി കിട്ടുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ; പി.എം.സി ഫണ്ടിൽ നിന്നും ഇവർക്ക് ശമ്പളം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) ബലരാമൻ കമ്മീഷൻ അനുവദിച്ചിരിക്കുന്ന അടിസ്ഥാന ശമ്പളം പോലും ഇല്ലാത്ത ഈ വിഭാഗക്കാർക്ക് പി എഫും മറ്റാനുകൂല്യങ്ങളും നല്കുന്ന കാര്യ പരിഗണിക്കുമോ ?

<u>മുതുവല്ലൂർ, പുളിക്കൽ അംഗൻവാടികൾക്ക് കെട്ടിടം</u>

5569. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മുതുവല്ലൂർ (നം.100), പുളിക്കൽ (നം. 5) എന്നീ അംഗൻവാടികൾക്ക് 4235-02-96(പി) എന്ന ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റും, ടെണ്ടർ നടപടികളും പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) സാമൂഹ്യ നീതി ജില്ലാ പ്രോഗ്രാം ഓഫീസർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ:

(സി) എന്നത്തേക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ശരണാലയങ്ങളുടെ പ്രവർത്തനം</u>

5570. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃ-ശിശു-വൃദ്ധജനങ്ങൾ-മറ്റ് അശരണർ എന്നിവരുടെ സംരക്ഷണത്തിനും സഹായങ്ങൾക്കുമായി എത്ര ശരണാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്; സർക്കാർ/ സ്വകാര്യമേഖല അടിസ്ഥാനത്തിൽ ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) സ്വകാര്യശരണാലയങ്ങക്ക് രജിസ്ട്രേഷൻ ഉണ്ടോ; എങ്കിൽ എത്ര എണ്ണത്തിന്; ഇവയിൽ ഓരോന്നിനും ലഭിക്കുന്ന സംസ്ഥാന /കേന്ദ്ര /വിദേശ സഹായങ്ങൾ എന്ത് എന്നും സ്വകാര്യ ശരണാലയങ്ങളുടെ വരവു ചിലവു കണക്കുകൾ പരിശോധനക്ക് വിധേയമാക്കുന്നുണ്ടോ എന്നും 2011 മുതൽ 2015 വരെ ഇവയുടെ പ്രവർത്തനങ്ങളിൽ സംസ്ഥാനം നടത്തിയ നിരീക്ഷണങ്ങൾ എന്ത് എന്നും വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ ;

(സി) ഇത്തരത്തിൽ സംസ്ഥാനത്തു പ്രവർത്തിക്കുന്ന ശരണാലയങ്ങളിലെ അന്തേവാസികൾക്കെതിരെയുള്ള പീഡനത്തിനും പണാപഹരണം ഉൾ പ്പെടെയുള്ള മറ്റ് അനാശാസ്യപ്രവർത്തനങ്ങളും സംബന്ധിച്ച് 2011 മുതൽ 2015 വരെ ഓരോവർഷവും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഓരോ കേസ്സിലും എന്തു നടപടികൾ സ്വീകരിച്ചു ;ഏതെല്ലാം സ്ഥാപനങ്ങളിൽ ഇത്തരം പ്രവർത്തന വൈകല്യങ്ങൾ കണ്ടെത്തിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

(ഡി) പ്രസ്തുത ശരണാലയങ്ങളിലെ ഇത്തരം പ്രവർത്തികൾ തടയുവാനും, ധനവിനിയോഗങ്ങൾ

നിരീക്ഷിക്കുവാനും ആരോഗ്യകരമായ ജീവിതം ഉറപ്പുവരുത്താനും 2011 മുതൽ 2015 വരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

ഭിന്നശേഷിയുള്ള വ്യക്തികൾ നേരിടുന്ന വിവേചനങ്ങൾ

5571. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരികവും മാനസികവുമായ വൈകല്യങ്ങളുടെ പേരിൽ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് പൊതു സമൂഹത്തിലും തൊഴിലിടങ്ങളിലും പലപ്പോഴും വിവേചനങ്ങൾ അനുഭവിക്കേണ്ടിവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെങ്കിലും തരത്തിലുള്ള വൈകല്യങ്ങളുടെ പേരിൽ തൊഴിലിടങ്ങളിൽ പിടിച്ചുനിൽക്കാനാവാതെ പലർക്കും സ്വയം വിരമിക്കേണ്ടിവരുന്നതായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലിയിലിരിക്കെ ഏതെങ്കിലും തരത്തിലുള്ള ശാരീരിക-മാനസിക വൈകല്യമുണ്ടാകുന്ന സാഹചര്യത്തിൽ സ്വയം വിരമിക്കലിന് തയ്യാറായ നിരവധി ജീവനക്കാർ സംസ്ഥാനത്തുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ജീവനക്കാരെ ജോലിയിൽ നിലനിറുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും നിലവിൽ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

(ഡി) സേവന കാലത്ത് സംഭവിച്ച വൈകല്യങ്ങളുടെ പേരിൽ ജോലിയിൽ നിന്ന് പിരിച്ചുവിടുകയോ തസ്തിക താഴ്ത്തുകയോ സ്ഥാനക്കയറ്റം നിഷേധിക്കുകയോ ചെയ്യുന്ന സാഹചര്യം സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ ഈ സാഹചര്യം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഭിന്നശേഷിയുള്ളവരെയും സേവനകാലത്ത് വൈകല്യങ്ങൾ സംഭവിക്കുകയും ചെയ്യുന്നവരെയും ജോലിയിൽ തുടരാൻ പ്രേരിപ്പിക്കുന്ന തരത്തിൽ അനുകൂലമായ നിലപാട് സ്വീകരിക്കുമോ?

എൻഡോസൾഫാൻ ദുരിത ബാധിതർക്ക് വേണ്ടിയുള്ള ആമ്പുലൻസ്

5572. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യൂർ-ചീമേനി പഞ്ചായത്തിലെ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് വേണ്ടി സാമൂഹ്യക്ഷേമ മിഷൻ അനുവദിച്ച ആമ്പുലൻസിൽ ആവശ്യമായ സജ്ജീകരണങ്ങൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

കൊയിലാണ്ടിയിൽ തൊഴിൽ പരിശീലന കേന്ദ്രം

5573. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ മൂടാടി പഞ്ചായത്തിൽ വൃദ്ധർ, വികലാംഗർ എന്നിവർക്ക് തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിൽ സാമൂഹ്യനീതി ഓഫീസിൽ ബി399/13 നമ്പർ ഫയലിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികളിൽ റവന്യൂ വകുപ്പിൽ നിന്നും സാമൂഹ്യനീതി വകുപ്പിലേക്ക് നൽകിയിട്ടുള്ള കത്തുകൾ/കുറിപ്പുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ഫയലിൽ നടപടികൾ മുന്നോട്ടു പോവുന്നതിൽ നിലവിലുള്ള തടസ്സമെന്താണ് എന്ന് വ്യക്തമാക്കാമോ ?

എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പ്

5574. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരായ കുടുംബങ്ങളിലെ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിയ്ക്കുമോ;

(ബി) ഈ ഇനത്തിൽ എത്ര കുട്ടികൾക്ക് ഇതുവരെ എന്ത് തുക നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിയ്ക്കുമോ;

(സി) ഈ ഇനത്തിൽ കുടിശ്ശിക നൽകാനുണ്ടോ എങ്കിൽ എത്ര ; വിശദാംശങ്ങൾ അറിയിയ്ക്കുമോ;

(ഡി) പ്രസ്തുത കുടുംബങ്ങളിലെ അംഗൻവാടികളിൽ പഠിക്കുന്ന കുട്ടികളേയും മേൽ പദ്ധതിൽ ഉൾപ്പെടുത്തി സഹായം നൽകുന്നതിന് പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിയ്ക്കുമോ?

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഫഠനത്തിൽ ഇളവ്

5575. **ശ്രീ.സി.മമ്മൂട്ടി**

**,,** അബ്ദുറഹിമാൻ രണ്ടത്താണി

**,,** കെ.മുഹമ്മദുണ്ണി ഹാജി

**,,** പി.ബി. അബ്ദുൾ റസാക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അവരുടെ പഠനവുമായി ബന്ധപ്പെട്ട് ഇളവുകളും, സഹായങ്ങളും ഉൾപ്പെടെ എന്തൊക്കെ സൗകര്യങ്ങൾ നല്കുന്നുണ്ടെന്ന വിശദമാക്കുമോ ;

(ബി) ബധിര മൂക വിദ്യാർത്ഥികൾക്ക് സാങ്കേതിക പഠനത്തിലും, തൊഴിൽ പഠനങ്ങളിലും നിലവാരം പുലർത്താനാവുന്നുണ്ടെങ്കിലും, ഭാഷാപഠനം അവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതു പരിഗണിച്ച് ഭാഷാ പരീക്ഷയിൽ എന്തെങ്കിലും ഇളവു നല്കാറുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ ;

(സി) ഇത്തരം വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന കാര്യത്തിൽ അദ്ധ്യാപകർ നേരിടുന്ന ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും കണക്കിലെടുത്ത് അവരുടെ സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം

5576. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട് ; നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര അംഗൻവാടികൾ പാലക്കാട് ജില്ലയിലുണ്ട് ; നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പാലക്കാട് ജില്ലയിലെ എത്ര അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകി ; വിശദാംശം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ഡി) സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുവാൻ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് ; വിശദാംശം ലഭ്യമാക്കാമോ?

ഭിന്നശേഷിയുള്ളവർക്ക് നിയമനം നൽകാനുള്ള പദ്ധതി

5577. ശ്രീ.കെ.ശിവദാസൻ നായർ

,, എ.റ്റി.ജോർജ്

,, ഐ.സി.ബാലകൃഷ്ണൻ

,, വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിയുളളവർക്ക് നിയമനം നൽകാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>വിഷൻ-**2030** പദ്ധതി</u>

5578. ശ്രീ.പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിലയുടെ ആഭിമുഖ്യത്തിൽ എല്ലാ മണ്ഡലങ്ങളിലും നടപ്പിലാക്കുന്ന വിഷൻ-2030 പദ്ധതിയുടെ പ്രോജക്ട് സമർപ്പണത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഏതെല്ലാം മണ്ഡലങ്ങളിൽ പൂർത്തിയാക്കി ; മറ്റ് മേഖലകളിൽ ഇതിന്റെ പുരോഗതി എന്ത് ;

(ബി) വിഷൻ 2030 പ്രോജക്ടുമായി എല്ലാ വകുപ്പുകളും സഹകരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയുടെ ആലോചനായോഗങ്ങളിലും വർക്കിംഗ് ഗ്രൂപ്പുകളിലും ഹാജരാകാതെയും സഹകരിക്കാതെയും ഇരിക്കുന്ന വിവിധ ഓഫീസ് മേലധികാരികൾക്കെതിരെ എന്തെങ്കിലും അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പങ്കെടുക്കാതെയും പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ നൽകാതെയും വച്ച് താമസിപ്പിക്കുകയും ചെയ്യുന്ന സ്ഥാപന മേധാവികൾ നല്കാത്ത വിവരങ്ങൾ ശേഖരിക്കുന്നതിന് മാർഗമില്ലാത്തതിനാൽ അത്തരം വകുപ്പുകളുടെ വികസനവും ഭാവി പ്രവർത്തനങ്ങളും സംബന്ധിച്ച വിവരങ്ങൾ വികസന രേഖയിൽ ഉൾപ്പെടുത്താനാവാതെ വരുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇപ്രകാരം വികസനരേഖയിൽ ഉൾപ്പെടാതെ പോകുന്നതുമൂലം ഭാവിയിലെ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ അത്തരം സ്ഥാപനങ്ങളിലും ആ വകുപ്പിലും ലഭിക്കാതെ പോയാൽ ഇപ്രകാരം വിവരങ്ങൾ നല്കാതെ നിസ്സഹകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി.ശാരംഗധരൻ,

തിരുവനന്തപുരം, സെക്രട്ടറി.

19-07-2015

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.